TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
01



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 2026 JANUVARY 01

## Awards

- അടുത്തിടെ ഇസ്രായേൽ സമാധാന പുരസ്ക്കാരത്തിന് അർഹനായത്.

  **ഡൊണാൾഡ് ട്രംപ്** (യുഎസ് പ്രസിഡന്റ് )

## Appointment

- ഒഡീഷയുടെ ആദ്യ വനിതാ ചീഫ് സെക്രട്ടറി

  **അനു ഗാർഗ്**

- ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ (എഫ്സിഐ) ചെയർമാനും മാനേജിങ് ഡയറക്ടറുമായി നിയമിതനായത്

  **രബീന്ദ്ര കുമാർ അഗർവാൾ**

  - ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ ആസ്ഥാനം - **ന്യൂഡൽഹി**
  - 1965 ൽ രൂപീകൃതമായി

## National

- ദക്ഷിണധ്രുവത്തിലേക്ക് സ്കീയിങ് നടത്തിയ പ്രായം കുറഞ്ഞ ഇന്ത്യക്കാരി

  **കാമ്യ കാർത്തികേയൻ**

  - ലോകത്ത് ഈ നേട്ടം കൈവരിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ രണ്ടാമത്തെ പെൺകുട്ടിയും കാമ്യയാണ്

## International

- ജപ്പാനെ മറികടന്ന് ഇന്ത്യ ലോകത്തെ ഏറ്റവും വലിയ നാലാമത്തെ സമ്പദ് വ്യവസ്ഥയായി മാറി
  - ജിഡിപി 4.18 ലക്ഷം കോടി ഡോളർ
  - യുഎസ് ആണ് ലോകത്ത് ഒന്നാമത്; രണ്ടാം സ്ഥാനത്ത് ചൈന.

## Sports

- 2025 ലോക ബ്ലിറ്റ്സ് ചെസ് കിരീടം നേടിയത്

  **മാഗ്നസ് കാൾസൻ** (നോർവേ)

  - 2025-ൽ നടന്ന ലോക റാപ്പിഡ് ചെസ് കിരീടം ചൂടിയ മാഗ്നസ് കാൾസൻ ലോക ബ്ലിറ്റ്സ് കിരീടവും നിലനിർത്തി
  - ഇന്ത്യയുടെ അർജുൻ എരിഗൈയ്സി മൂന്നാം സ്ഥാനത്ത് ഫിനിഷ് ചെയ്തു.
  - റാപ്പിഡ് ചാമ്പ്യൻഷിപ്പിലും മൂന്നാം സ്ഥാനം നേടിയ അർജുൻ, വിശ്വനാഥൻ ആനന്ദിനു ശേഷം 2 വിഭാഗത്തിലും മെഡൽ നേടുന്ന രണ്ടാമത്തെ ഇന്ത്യക്കാരനായി.
  - വനിതാ ലോക ബ്ലിറ്റ്സ് ചാമ്പ്യൻഷിപ്പിൽ കസാഖിസ്ഥാന്റെ ബിബിസാര അസുബയേവ ജേതാവായി.

- ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ (IOA) സംഘടിപ്പിക്കുന്ന പ്രഥമ നാഷണൽ അത്‌ലറ്റ്സ് ഫോറത്തിന്റെ വേദി - **അഹമ്മദാബാദ്**
  - കായിക ഭരണനിർവ്വഹണത്തിൽ കായികതാരങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക, സുതാര്യതയും ഉത്തരവാദിത്തവും വർദ്ധിപ്പിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.
  - ഇന്ത്യയുടെ കായിക ചരിത്രത്തിൽ ആദ്യമായാണ് കായികതാരങ്ങളെ ഭരണനിർവ്വഹണത്തിൽ നേരിട്ട് പങ്കാളികളാക്കാൻ ഇത്തരമൊരു വേദി ഒരുക്കുന്നത്.
  - നിലവിലെ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ (IOA) പ്രസിഡന്റ് **പി.ടി. ഉഷ**

- അന്താരാഷ്ട്ര T-20 ക്രിക്കറ്റിൽ ഒരു മത്സരത്തിൽ ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയ താരം
  **സോനം യെഷെ** (ഭൂട്ടാൻ)
  - മ്യാന്മറിനെതിരായ T-20 യിലാണ് താരം എട്ടു വിക്കറ്റ് നേടി റെക്കോർഡ് സ്വന്തമാക്കിയത്
- അന്താരാഷ്ട്ര വനിതാ T-20 ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയത്
  **ദീപ്തി ശർമ്മ**
  - അന്താരാഷ്ട്ര വനിതാ T-20 ക്രിക്കറ്റിൽ 150 വിക്കറ്റ് നേടിയ ആദ്യ ഇന്ത്യൻ താരവും ദീപ്തി ശർമ്മ യാണ്
- അന്താരാഷ്ട്ര വനിതാ T-20 ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ വിജയങ്ങൾ നേടിയ ക്യാപ്റ്റൻ
  **ഹർമൻപ്രീത് കൗർ**

**Demise**

- 2025 ഡിസംബറിൽ അന്തരിച്ച മുൻ ബംഗ്ലാദേശ് പ്രധാനമന്ത്രി
  **ഖാലിദാ സിയ**
  - ബംഗ്ലാദേശിലെ ആദ്യ വനിതാ പ്രധാനമന്ത്രി
  - 1991-96 , 2001-2006 കാലയളവിൽ പ്രധാനമന്ത്രി

**Today MCQ**

1. 2025 ൽ നിയമസഭ സാഹിത്യ പുരസ്കാരത്തിന് അർഹനായത്
   (a) എസ്.കെ വസന്തൻ (b) ടി.പദ്മനാഭൻ
   (c) എൻ.എസ്. മാധവൻ (d) സാറാ ജോസഫ്
2. പാർവതി അർഗ പക്ഷി സങ്കേതം സ്ഥിതി ചെയ്യുന്ന സംസ്ഥാനം
   (a) ഉത്തർപ്രദേശ് (b) മധ്യപ്രദേശ്
   (c) ഒഡീഷ (d) ഉത്തരാഖണ്ഡ്

**Ans : 1. (c), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
02-03



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Appointment

- കേരള ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസായി നിയമിതനാകുന്നത്.

  **ജസ്റ്റിസ് സൗമൻ സെൻ**

  - ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ ജനുവരി ഒൻപതിന് വിരമിക്കുന്നതോടെ ചുമതലയേൽക്കും.

## Award

- അടുത്തിടെ ബ്രിട്ടന്റെ ഡെയിംഹുഡ് അംഗീകാരം ലഭിച്ച ഇന്ത്യൻ വംശജ

  **മീര സിയാൾ**

  - ഗുഡ്നെസ് ഗ്രേഷ്യസ് മി, ദി കുമാർസ് അറ്റ് നമ്പർ 42 തുടങ്ങിയ ജനപ്രിയ കോമഡികളിലൂടെ പ്രശസ്തയാണ്

## National

- വേദനസംഹാരി നിമെസുലൈഡ് 100 മില്ലിഗ്രാമിൽ കൂടുതൽ അടങ്ങിയ എല്ലാ മരുന്നുകളും കേന്ദ്രം നിരോധനം ഏർപ്പെടുത്തി

  - വേദനസംഹാരിയായ നിമെസുലൈഡ് 100 മില്ലിഗ്രാമിൽ കൂടുതൽ അടങ്ങിയ എല്ലാ മരുന്നുകളുടെയും ഉത്പാദനം, വിൽപ്പന, വിതരണം എന്നിവ കേന്ദ്ര സർക്കാർ നിരോധിച്ചു. മനുഷ്യന്റെ ആരോഗ്യത്തിന് അപകടകരമാണെന്ന് ചൂണ്ടിക്കാട്ടിയാണ് നിരോധനം.

- 2020 ലെ ഇന്ത്യ-ചൈന അതിർത്തിയിലെ ഗൽവാൻ സംഘർഷം പ്രമേയമാക്കി പുറത്തിറങ്ങുന്ന സിനിമ

  **ബാറ്റിൽ ഓഫ് ഗൽവാൻ**

  - സംവിധാനം - അപൂർവ ലഖിയ

- ഗോവയിലെ മൂന്നാമത്തെ ജില്ല

  **കുശാവതി**

  - ഈ മേഖലയിലൂടെ ഒഴുകുന്ന നദിയുടെ പേരിലാണ് ഇത് അറിയപ്പെടുന്നത്.
  - നിലവിൽ വടക്കൻ ഗോവ, തെക്കൻ എന്നീ രണ്ട് ജില്ലകൾ സംസ്ഥാനത്ത് ഉൾപ്പെടുന്നു

## International

- 2025 ഡിസംബറിൽ പുറത്തുവന്ന റിപ്പോർട്ടുകൾ പ്രകാരം ലോകത്ത് ഏറ്റവും കൂടുതൽ അരി ഉത്പാദിപ്പിക്കുന്ന രാജ്യം

  **ഇന്ത്യ**

  - യുണൈറ്റഡ് സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രികൾച്ചർ (യുഎസ്ഡിഎ) പുറത്തുവിട്ട റിപ്പോർട്ട് പ്രകാരമാണിത്
  - ഇന്ത്യയുടെ അരി ഉത്പാദനം 152 ദശലക്ഷം മെട്രിക് ടണ്ണിലെത്തിയെന്നും ചൈനയുടേത് 146 ദശലക്ഷം മെട്രിക് ടൺ ആണെന്നും യുഎസ്ഡിഎ പറഞ്ഞു

- ലോകത്താദ്യമായി നിയമപരമായ അവകാശങ്ങൾ ലഭിക്കുന്ന ആദ്യ പ്രാണി വർഗം

  **Amazonian stingless bees**

- യൂറോ പ്രാബല്യത്തിൽ വരുന്ന 21-ാം രാജ്യം

  **ബൾഗേറിയ**

  - യൂറോപ്യൻ യൂണിയന്റെ ഔദ്യോഗിക കറൻസിയാണ് യൂറോ
  - ഇതുവരെ ഉപയോഗിച്ചിരുന്ന ലെവ് കറൻസിയിൽ നിന്ന് മാറുകയാണ്.
  - 2007 മുതൽ യൂറോപ്യൻ യൂണിയനിൽ അംഗമാണെങ്കിലും ബൾഗേറിയ ലെവ് കറൻസിയിൽ തുടരുകയായിരുന്നു.
  - യൂറോ ഉപയോഗിക്കുന്ന രാജ്യങ്ങളെയെല്ലാം ചേർത്തു പറയുന്ന പേരാണ് യൂറോസോൺ. ബൾഗേറിയ കൂടിയെത്തുന്നതോടെ യൂറോസോണിൽ 21 രാജ്യങ്ങളാകും.
  - യൂറോപ്യൻ യൂണിയനിൽ അംഗങ്ങളായി ആകെ 27 രാജ്യങ്ങളാണുള്ളത്

- അടുത്തിടെ അമിക്കസ് ഗ്രോത്ത് പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം അപൂർവ ധാതുക്കളുടെ ശേഖരത്തിൽ ഒന്നാമതുള്ള രാജ്യം

  **ചൈന**

  - രണ്ടാം സ്ഥാനത്ത് - ബ്രസീൽ
  - മൂന്നാം സ്ഥാനത്ത് - ഇന്ത്യ

- സർക്കാർ തപാൽ സംവിധാനത്തിലൂടെയുള്ള കത്തുകളുടെ വിതരണം നിർത്തലാക്കുന്ന ലോകത്തിലെ തന്നെ ആദ്യത്തെ രാജ്യം

  **ഡെന്മാർക്ക്**

  - 400 വർഷത്തിലധികം പഴക്കമുള്ള തപാൽ വിതരണ പാരമ്പര്യമാണ് ഡെന്മാർക്ക് അവസാനിപ്പിച്ചത്.
  - ഡിജിറ്റൽ യുഗത്തിൽ കത്തുകളുടെ ഉപയോഗം കുറഞ്ഞതാണ് ഈ തീരുമാനത്തിന് കാരണം

## Defence

- അടുത്തിടെ ഇന്ത്യ വിജയകരമായി പരീക്ഷിച്ച റോക്കറ്റ്

  **പിനാക റോക്കറ്റ്**

  - റോക്കറ്റിന്റെ പരമാവധി ദൂരപരിധി 120 കിലോമീറ്ററായി പരീക്ഷിച്ചു

## Science and Technology

- മയക്കുമരുന്ന് കണ്ടെത്തലുകൾ വേഗത്തിൽ ട്രാക്ക് ചെയ്യുന്നതിനായി ശാസ്ത്ര സാങ്കേതിക മന്ത്രാലയം വികസിപ്പിച്ച സോഫ്റ്റ്‌വെയർ

  **PathGennie**

## Sports

- 20-ാമത് ഏഷ്യൻ ഗെയിംസ് 2026 ന്റെ വേദി

  **ജപ്പാൻ**

## Todays MCQ

1. അന്താരാഷ്ട്ര വനിതാ T-20 ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയത്

   (a) ഹർമൻപ്രീത് കൗർ (b) അമേലിയ കെർ

   (c) ദീപ്തി ശർമ്മ (d) ജൂലൻ ഗോസ്വാമി

2. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ സംഘടിപ്പിക്കുന്ന പ്രഥമ നാഷണൽ അത്‌ലറ്റ്സ് ഫോറത്തിന്റെ വേദി

   (a) ചെന്നൈ (b) അഹമ്മദാബാദ്

   (c) മുംബൈ (d) പൂനെ

**Ans : 1. (c), 2. (b )**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
04



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 2026 JANUVARY 04

## Kerala

- പ്രഥമ സംസ്ഥാന രജിസ്ട്രേഷൻ ദിനാചരണത്തിന്റെ വേദി

  **അഞ്ചരക്കണ്ടി** (കണ്ണൂർ)

  - ഏഷ്യയിലെ ആദ്യത്തെ രജിസ്ട്രാർ ഓഫീസായ അഞ്ചരക്കണ്ടി സബ് രജിസ്ട്രാർ ഓഫീസ് 1865- ൽ ബ്രിട്ടീഷുകാരനായ മർഡോക്ക് ബ്രൗണാണ് സ്ഥാപിച്ചത്
  - 1867 ജനുവരി നാലിന് സംസ്ഥാനത്തെ ആദ്യ രജിസ്ട്രേഷൻ നടന്നതിന്റെ പശ്ചാത്തലത്തിലാണ് ജനുവരി 4 രജിസ്ട്രേഷൻ ദിനമായി ആചരിക്കാൻ തീരുമാനം.
  - രജിസ്ട്രേഷൻ വകുപ്പ് മന്ത്രി - **കടന്നപ്പള്ളി രാമചന്ദ്രൻ**

- ചീനകൊട്ടാരം സ്ഥിതി ചെയ്യുന്ന ജില്ല

  **കൊല്ലം**

  - ചിന്നക്കടയിൽ റെയിൽവേയുടെ ഉടമസ്ഥതയിലുള്ള ചീനക്കൊട്ടാരം റെയിൽവേ മ്യൂസിയമാക്കാൻ ആലോചന
  - 1904 ൽ തിരുവിതാംകൂർ രാജാവായിരുന്നു ശ്രീമൂലം തിരുനാൾ രാമവർമ്മ മദ്രാസിലേക്കും മറ്റും കൊല്ലം ചെങ്കോട്ട പാത വഴി യാത്രയ്ക്ക് വരുമ്പോൾ വിശ്രമിക്കാൻ ചിന്നക്കടയിൽ നിർമ്മിച്ച കേന്ദ്രമാണ് ചീനക്കൊട്ടാരം

- 2026-ലെ റിപ്പബ്ലിക് ദിന പരേഡിൽ കേരളത്തിന്റെ ടാബ്ലോ തിരഞ്ഞെടുക്കപ്പെട്ടു.
  - നൂറു ശതമാനം ഡിജിറ്റൽ സാക്ഷരത നേട്ടവും കൊച്ചി വാട്ടർ മെട്രോയും പ്രമേയമാക്കി കേരളം അവതരിപ്പിച്ച ടാബ്ലോയാണ് തിരഞ്ഞെടുക്കപ്പെട്ടത്
  - 2023 ജനുവരി 26 നാണ് ഇതിനു മുമ്പ് അവസരം കിട്ടിയത്
  - 2023- ൽ സ്ത്രീശാക്തീകരണം എന്ന ആശയം മുൻനിർത്തിയാണ് ടാബ്ലോ ചെയ്തത്

- 2026-ലെ ദേശീയ സരസ് മേള വേദി

  **ചാലിശ്ശേരി** (തൃത്താല മണ്ഡലം, പാലക്കാട്)

  - രാജ്യത്തെ ഗ്രാമീണ സ്ത്രീ സംരംഭകരുടെ വ്യാപാരോത്സവമാണ് ദേശീയ സരസ് മേള

- കുടുംബശ്രീയുടെ അമൃതം ന്യൂട്രിമിക്സ് ലക്ഷദ്വീപിലേക്ക് വിതരണം ചെയ്യുന്നു
  - ആറു മാസം മുതൽ മൂന്നു വയസ്സു വരെയുള്ള കുഞ്ഞുങ്ങൾക്ക് അങ്കണവാടി വഴി വിതരണം ചെയ്യുന്നതാണ് അമൃതം ന്യൂട്രിമിക്സ്

## Book and Author

- 'The Great Sanctions Hack' എന്ന പുസ്തകത്തിന്റെ രചയിതാവ്

  **ഊർജിത് പട്ടേൽ**

  - 24th റിസർവ്വ് ബാങ്ക് ഗവർണർ

## National

- രത്തൻ ടാറ്റയോടുള്ള ആദരസൂചകമായി എയർ ഇന്ത്യ എക്സ്പ്രസിന്റെ ബോയിംഗ് 737-8 വിമാനത്തിന് നൽകിയ പുതിയ പേര്

  **VT-RNT**

  - രത്തൻ നവൽ ടാറ്റ എന്ന പേരിന്റെ ചുരുക്കരൂപമാണ് ആർ.എൻ.ടി

- ആദ്യ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ സർവീസ് ആരംഭിക്കുന്നത്

**ഗുവാഹത്തി** (അസം) - **കൊൽക്കത്ത** (പശ്ചിമ ബംഗാൾ)

  - വേഗത മണിക്കൂറിൽ 180 കിലോമീറ്റർ
  - ഇന്ത്യയുടെ ആദ്യ ബുള്ളറ്റ് ട്രെയിൻ 2027- ൽ ഓടിത്തുടങ്ങും
  - കേന്ദ്ര റെയിൽവേ മന്ത്രി - **അശ്വിനി വൈഷ്ണവ്**

**International**

- പുതുവർഷാരംഭത്തിൽ യു.എസ്സിൽ വീശിയടിച്ച ശീതക്കൊടുങ്കാറ്റ്

**എസ്ര** (Ezra)

  - ബോംബ് സൈക്ലോൺ' (Bomb Cyclone) എന്ന് വിശേഷിപ്പിക്കാവുന്ന തരത്തിലുള്ള അതിശക്തമായ ശീതക്കൊടുങ്കാറ്റാണ് പുതുവർഷ ദിനത്തിൽ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നാശം വിതച്ചത്
  - അതിശക്തമായ മഞ്ഞുവീഴ്ചയും തണുത്ത കാറ്റും ഒത്തുചേർന്ന 'വിന്റർ സ്റ്റോം' ആണിത്.

- യൂറോപ്യൻ യൂണിയൻ കാർബൺ ബോർഡർ അഡ്ജസ്റ്റ്മെന്റ് മെക്കാനിസം (CBAM) ഔദ്യോഗികമായി നടപ്പാക്കി
  - 'ഗ്രീൻ താരിഫ്' (Green -Tariff) എന്നാണ് കാർബൺ ബോർഡർ അഡ്ജസ്റ്റ്മെന്റ് മെക്കാനിസം അറിയപ്പെടുന്നത്
  - യൂറോപ്യൻ യൂണിയനിലേക്ക് ഇറക്കുമതി ചെയ്യുന്ന സ്റ്റീൽ, അലുമിനിയം തുടങ്ങിയ കാർബൺ ബഹിർഗമന തോത് കൂടിയ (Carbon-intensive) ഉൽപ്പന്നങ്ങൾക്ക് മേൽ ചുമത്തുന്ന ഒരു പ്രത്യേക ഇറക്കുമതി നികുതിയാണിത്.
  - 2026 ജനുവരി 1 മുതൽ ഇത് പൂർണ്ണമായും പ്രാബല്യത്തിലായി

**Sports**

- നാഷണൽ സ്പോർട്സ് ഗവേർണൻസ് ആക്ട് പ്രാബല്യത്തിൽ വന്നത്

**2026 ജനുവരി 1**

  - കായിക തർക്കങ്ങൾ വേഗത്തിലും നീതിയുക്തമായും പരിഹരിക്കാൻ ഒരു പ്രത്യേക ട്രിബ്യൂണൽ സ്ഥാപിക്കുക, കായിക സംഘടനകളുടെ മേൽനോട്ടത്തിനും അംഗീകാരത്തിനും വേണ്ടി ഒരു ദേശീയ കായിക ബോർഡ് രൂപീകരിക്കുക എന്നിവ ഈ നിയമത്തിന്റെ ഭാഗമായുള്ള ശുപാർശകളാണ്
  - നാഷണൽ സ്പോർട്സ് ഗവേർണൻസ് ബില്ല് 2025 ജൂലൈ 23 ന് ലോക്സഭയിൽ അവതരിപ്പിച്ചു (അവതരിപ്പിച്ചത് - **മൻസുഖ് മാണ്ഡവ്യ**)
  - 2025 ഓഗസ്റ്റ് 11 ന് ലോക്സഭയും 2025 ഓഗസ്റ്റ് 12 ന് രാജ്യസഭയും ബില്ല് പാസ്സാക്കി
  - 2025 ഓഗസ്റ്റ് 18 ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചു

**MCQ**

1. 2025 ഡിസംബറിൽ പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം ലോകത്ത് ഏറ്റവും കൂടുതൽ അരി ഉൽപ്പാദിപ്പിക്കുന്ന രാജ്യം

   (a) ഇന്ത്യ (b) റഷ്യ
   (c) ജപ്പാൻ (d) ചൈന

2. യൂറോ പ്രാബല്യത്തിൽ വന്ന 21-ാമത് രാജ്യം

   (a) സ്വീഡൻ (b) ബൾഗേറിയ
   (c) റഷ്യ (d) ഉക്രൈൻ

**Ans : 1. (a), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
05-06




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Award

- മലയാറ്റൂർ ഫൗണ്ടേഷന്റെ പ്രഥമ സമഗ്ര സംഭാവന പുരസ്കാരം നേടിയത്

  **അരുന്ധതി റോയി**

  - 1997 ലെ ബുക്കർ പ്രൈസ് നേടിയിട്ടുണ്ട്
  - 50,000 രൂപയാണ് സമ്മാനത്തുക

## Kerala

- മഹാകവി പി. കുഞ്ഞിരാമൻ നായരുടെ സർഗ്ഗാത്മക ജീവിതത്തെ ആസ്പദമാക്കി നാലപ്പാടം പത്മനാഭൻ സംവിധാനം ചെയ്ത പുതിയ ഡോക്യുമെന്ററി സിനിമ

  **കസ്തൂരിമാൻ**

  - പി. കുഞ്ഞിരാമൻ നായരുടെ ആത്മകഥയായ 'കവിയുടെ കാൽപാടുകൾ' എന്ന പുസ്തകത്തെ ആസ്പദമാക്കി പി. ബാലചന്ദ്രൻ രചനയും സംവിധാനവും ചെയ്ത ചലച്ചിത്രം

  **ഇവൻ മേഘരൂപൻ (2012)**

  - മൂന്ന് ആത്മകഥകൾ പി കുഞ്ഞിരാമൻ നായരുടെതായുണ്ട് **- എന്നെ തിരയുന്ന ഞാൻ, നിത്യ കന്യകയെ തേടി, കവിയുടെ കാൽപ്പാടുകൾ**

- കേരള ചരിത്രത്തിൽ ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ട് എം.എൽ.എ സ്ഥാനം നഷ്ടമാവുന്ന ആദ്യ വ്യക്തി

  **ആന്റണി രാജു (മുൻ ഗതാഗത വകുപ്പ് മന്ത്രിയായിരുന്നു)**

  - തിരുവനന്തപുരം നിയമസഭാ മണ്ഡലം
  - ജനപ്രാതിനിധ്യ നിയമത്തെ സംബന്ധിച്ച 2013-ലെ സുപ്രീംകോടതി ഉത്തരവ് പ്രകാരം എംപിയോ എംഎൽഎയോ രണ്ടുവർഷമോ അതിലധികം കാലത്തേക്കോ ശിക്ഷിക്കപ്പെട്ടാൽ അപ്പോൾത്തന്നെ അയോഗ്യനാവും
  - ശിക്ഷാ കാലാവധിയിലും ശേഷം ആറു വർഷത്തേക്കും തിരഞ്ഞെടുപ്പിൽ മത്സരിക്കാനാവില്ല

- കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്ന ജില്ല

  **എറണാകുളം**

  - ഏറ്റവും കൂടുതൽ ഐ.ടി (IT) മേഖലയിലാണ് (മൊത്തം സ്റ്റാർട്ടപ്പുകളുടെ 33%).
  - വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകൾ ചേർന്ന് ഏകദേശം 20% വരും.

- 38-ാം കേരള സയൻസ് കോൺഗ്രസിന്റെ വേദി

  **എറണാകുളം**

  - കാലാവസ്ഥാ മാറ്റം, തീരക്ഷയം, സമുദ്ര മലിനീകരണം തുടങ്ങിയ വെല്ലുവിളികളെ നേരിടുന്നതിനൊപ്പം സമുദ്ര വിഭവങ്ങളുടെ സുസ്ഥിര വിനിയോഗം പ്രോത്സാഹിപ്പിക്കുകയുമാണ് ഇത്തവണത്തെ സയൻസ് കോൺഗ്രസിന്റെ ലക്ഷ്യം

## National

- മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ (MoSPI) പുതിയ ലോഗോയും ഭാഗ്യചിഹ്നവും പുറത്തിറക്കി
  - ലോഗോയിൽ അശോക ചക്രം, രൂപയുടെ ചിഹ്നം, പുരോഗതിയെയും വളർച്ചയെയും സൂചിപ്പിക്കുന്ന മുകളിലേക്കുള്ള ഗ്രാഫ്, 'വികസനത്തിനായുള്ള ഡാറ്റ' (Data for Development) എന്ന സന്ദേശം എന്നിവ ഉൾപ്പെട്ടിരിക്കുന്നു.
  - 'സാംഖ്യികി' എന്നതാണ് പുതിയ ഭാഗ്യചിഹ്നത്തിന്റെ പേര്
- പിപ്രാവ തിരുശേഷിപ്പുകളുടെ പ്രദർശനം നടന്ന സ്ഥലം

  **ന്യൂഡൽഹി**
  - വെളിച്ചവും താമരയും: ഉണർന്നിരിക്കുന്നവന്റെ തിരുശേഷിപ്പുകൾ' എന്ന പേരിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം
  - 2025 മേയിൽ ഹോങ്കോങ്ങിൽ ലേലത്തിനുവെച്ചിരുന്ന പിപ്രാവ തിരുശേഷിപ്പുകൾ കേന്ദ്രസർക്കാർ ഇടപെട്ട് നാട്ടിലെത്തിച്ചു
  - 1898-ൽ ഉത്തർപ്രദേശിലെ പ്രിപ്രാവയിലുള്ള കപിലവസ്തുവിലെ പൗരാണിക സ്തൂപത്തിൽനിന്ന് ബ്രിട്ടീഷ് ആർക്കിയോളജിസ്റ്റായ വില്യം ക്ലാക്സോൺ പെപ്പെയാണ് തിരുശേഷിപ്പുകൾ കണ്ടെത്തിയത്.
  - ബുദ്ധന്റെതെന്നുകരുതുന്ന അസ്ഥിഭാഗങ്ങൾ, രത്നങ്ങൾ, ആഭരണങ്ങൾ എന്നിങ്ങനെ 80 തിരുശേഷിപ്പുകളാണുള്ളത്
- സർക്കാർ ജീവനക്കാർക്ക് അവരുടെ അവസാന മാസത്തെ അടിസ്ഥാന ശമ്പളത്തിന്റെ 50 ശതമാനത്തിനു തുല്യമായി പെൻഷൻ ലഭിക്കുന്ന പദ്ധതി ആരംഭിച്ച സംസ്ഥാനം

  **തമിഴ്നാട്**
  - തമിഴ്നാട് അഷ്വേർഡ് പെൻഷൻ പദ്ധതി (ടി.എ.പി.എസ്) പ്രകാരം ആണ് പുതിയ പെൻഷൻ നൽകുക
  - തമിഴ്നാട് മുഖ്യമന്ത്രി - **എം.കെ സ്റ്റാലിൻ**

## International

- 2026 ജനുവരിയിൽ ഡച്ച് കോളനി വാഴ്ചക്കാലത്തെ നിയമങ്ങൾ പൂർണ്ണമായും ഒഴിവാക്കി, സ്വന്തമായി രൂപകല്പന ചെയ്ത പുതിയ പീനൽ കോഡ് നടപ്പിലാക്കിയ തെക്കുകിഴക്കൻ ഏഷ്യൻ രാജ്യം ഏത്

  **ഇന്തോനേഷ്യ**
  - 1945ൽ സ്വാതന്ത്ര്യം ലഭിച്ചെങ്കിലും, കഴിഞ്ഞ 80 വർഷത്തോളമായി ഇന്തോനേഷ്യ പിന്തുടർന്നിരുന്നത് ഡച്ച് കോളനി ഭരണകാലത്തെ ക്രിമിനൽ നിയമങ്ങളായിരുന്നു. ഇതിനാണ് ഇപ്പോൾ മാറ്റം വന്നിരിക്കുന്നത്.
  - ഇന്തോനേഷ്യൻ പീനൽ കോഡ് (KUHP Kitab Undang-Undang Hukum Pidana) എന്നാണ് ഈ പുതിയ നിയമസംഹിത അറിയപ്പെടുന്നത്.
  - 2026 ജനുവരി മുതലാണ് ഇത് പൂർണ്ണമായി പ്രാബല്യത്തിൽ വന്നത്.
  - ലോകത്തിൽ ഏറ്റവും കൂടുതൽ മുസ്ലിം ജനസംഖ്യയുള്ള രാജ്യം കൂടിയാണ് ഇന്തോനേഷ്യ.
- വെനസ്വേലൻ പ്രസിഡന്റ് നിക്കോളാസ് മഡുറോയെ പിടികൂടുന്നതിനായി 2026 ജനുവരിയിൽ അമേരിക്കൻ സ്പെഷ്യൽ ഫോഴ്സ് (ഡെൽറ്റ ഫോഴ്സ്) നടത്തിയ അതീവ രഹസ്യ സൈനിക നീക്കത്തിന് നൽകിയ പേര്

  **ഓപ്പറേഷൻ അബ്സല്യൂട്ട് റിസോൾവ്**

## Defence

- ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ (ഐസിജി) ആദ്യത്തെ തദ്ദേശീയമായി നിർമ്മിച്ച മലിനീകരണ നിയന്ത്രണ കപ്പൽ

  **ഐസിജിഎസ് സമുദ്ര പ്രതാപ്**

## Sports

- ഇന്ത്യയും ബംഗ്ലാദേശും തമ്മിലുള്ള രാഷ്ട്രീയപരമായ അസ്വാരസ്യങ്ങളെത്തുടർന്ന്, ബിസിസിഐയുടെ നിർദ്ദേശപ്രകാരം കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ടീമിൽ നിന്നും ഒഴിവാക്കപ്പെട്ട ബംഗ്ലാദേശ് താരം

**മുസ്താഫിസൂർ റഹ്മാൻ**

  - 2025ൽ നടന്ന മിനി താരലേലത്തിലാണ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഇദ്ദേഹത്തെ ടീമിലെടുത്തത്

- യൂത്ത് ഏകദിനത്തിലെ ഏറ്റവും പ്രായംകുറഞ്ഞ ക്യാപ്റ്റൻ

**വൈഭവ് സൂര്യവംശി**

- ഇന്ത്യൻ വനിതാ ഹോക്കി ടീം പരിശീലകൻ

**Sjoerd Marijne**

## Demise

- കെനിയയിലെ അംബോസെല്ലി നാഷണൽ പാർക്കിലെ സൂപ്പർ ടസ്കർ വിഭാഗത്തിൽപ്പെട്ട ക്രെയ്ഗ് എന്ന കൊമ്പൻ ചരിഞ്ഞു.
  - സൂപ്പർ ടസ്കർ വിഭാഗത്തിലെ അവസാനത്തെ കൊമ്പനാണ് ക്രെയ്ഗ്.
  - മസായി ഗോത്രവിഭാഗക്കാരാണ് സംരക്ഷിച്ചിരുന്നത്
  - 2021ൽ കെനിയൻ ലാഗറിന്റെ ബ്രാൻഡ് അംബാസഡറായി ഇതിനെ തിരഞ്ഞെടുത്തു

## Today's MCQ

1. ചീനകൊട്ടാരം സ്ഥിതി ചെയ്യുന്ന ജില്ല

   (a) എറണാകുളം (b) കൊല്ലം

   (c) തൃശൂർ (d) പാലക്കാട്

2. പ്രഥമ സംസ്ഥാന രജിസ്ട്രേഷൻ ദിനാചരണത്തിന്റെ വേദി

   (a) കൊച്ചി (b) ചാലിശ്ശേരി

   (c) കൊല്ലം (d) അഞ്ചരക്കണ്ടി

**Ans : 1 (b), 2 (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
07



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 07 JANUARY 2026

## Appointment

◆ 2026 ജനുവരിയിൽ സിക്കിം ഹൈക്കോടതി ചീഫ് ജസ്റ്റിസായി നിയമിതനായത്

**ജസ്റ്റിസ് മുഹമ്മദ് മുഷ്താഖ്**

❖ കേരള ഹൈക്കോടതി ജഡ്ജിയായിരുന്നു അദ്ദേഹം

## Award

◆ മെഗാ ഇൻഫ്രാസ്ട്രക്ചർ വിഭാഗത്തിൽ 2025 ലെ നാഷണൽ പ്രോജക്റ്റ് എക്സലൻസ് അവാർഡ് നേടിയത്

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം**

❖ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രോജക്ട്സ് ആൻഡ് പ്രോഗ്രാം മാനേജ്മെന്റും സെന്റർ ഫോർ എക്സലൻസ് ഇൻ പ്രോജക്ട് മാനേജ്മെന്റും സംയുക്തമായി ഏർപ്പെടുത്തിയ അവാർഡ് വിഴിഞ്ഞം തുറമുഖത്തിന് ലഭിച്ചു.

## National

◆ 2026 റിപ്പബ്ലിക്ക് ദിനത്തിന്റെ മുഖ്യ അതിഥികൾ

**Ursula von der Leyen** (യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് )

**Antonio Costa** (യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് )

◆ അടുത്തിടെ സർക്കാർ സ്കൂളുകളിൽ പത്രവായന നിർബന്ധമാക്കിയ സംസ്ഥാനം

**രാജസ്ഥാൻ**

❖ വിദ്യാർത്ഥികളെ സമകാലിക വിഷയങ്ങളുമായി പരിചയപ്പെടുത്തുന്നതിനും പ്രാരംഭ ഘട്ടത്തിൽ വാർത്തകൾ മനസ്സിലാക്കാനും വിശകലനം ചെയ്യാനുമുള്ള കഴിവ് വികസിപ്പിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു

◆ ഇന്ത്യയിലെ ആദ്യ ഹൈഡ്രജൻ ഫ്യൂവൽ ട്രെയിൻ പ്രവർത്തനം ആരംഭിക്കുന്നത്

**ഹരിയാന**

❖ ട്രെയിൻ പ്രവർത്തനം ആരംഭിക്കുന്നത് ഹരിയാനയിലെ ജിന്ദിൽ നിന്ന് സോനിപത് വരെയാണ്

◆ കർണാടകയിൽ ആദ്യമായി സാൻഡൽ വുഡ് ലെപാഡിനെ കണ്ടെത്തപ്പെട്ടു

❖ കർണാടകയിലെ വിജയനഗര ജില്ലയിലാണ് കണ്ടെത്തിയത്

◆ അടുത്തിടെ ഇന്ത്യൻ സൈന്യം സ്ഥാപിച്ച കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

**റേഡിയോ സംഗം** (88.8 FM)

❖ നിയന്ത്രണ രേഖയിലെ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനാണിത്

❖ ജമ്മു കശ്മീരിലെ നിയന്ത്രണ രേഖയോട് ചേർന്നുള്ള രജൗരിയിലെ ഡോംഗി പ്രദേശത്ത് , പ്രാദേശിക ഭരണകൂടവുമായി സഹകരിച്ച് , ഇന്ത്യൻ സൈന്യം ഒരു കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ സ്ഥാപിച്ചു.

❖ അതിർത്തി നിവാസികളുമായി ബന്ധം ശക്തിപ്പെടുത്തുന്നതിനും തെറ്റായ വിവരങ്ങൾ തടയുന്ന തിനുമായി ഇത് പ്രവർത്തിക്കുന്നു

## International

- അടുത്തിടെ പ്രായപൂർത്തി ആകുന്നതിനുള്ള പ്രായം 21 ൽ നിന്ന് 18 ആയി കുറച്ച രാജ്യം

  **യു.എ.ഇ**

  - 21 ചാന്ദ്ര വർഷത്തിൽനിന്നും 18 ഗ്രിഗോറിയൻ വർഷമാക്കിയാണ് മാറ്റിയത്
  - സാമ്പത്തിക കാര്യങ്ങളിൽ നേതൃത്വം വഹിക്കാനുള്ള ഏറ്റവും കുറഞ്ഞ പ്രായവും ഭേദഗതി ചെയ്തു. 18 വയസ്സുള്ള വ്യക്തികൾക്ക് അവരുടെ ആസ്തികൾ ഇനി മുതൽ കൈകാര്യം ചെയ്യാം

## Science and Techology

- അടുത്തിടെ മിസോറാമിൽ നിന്ന് കണ്ടെത്തിയ പുതിയ ഇനം പാമ്പ്

  **Calamaria Mizoramensis**

## Space

- 2026 ജനുവരിയിൽ COSMO SkyMed Second ഉപഗ്രഹം വിക്ഷേപിച്ച രാജ്യം

  **ഇറ്റലി**

  - സ്പേസ് എക്സിന്റെ ഫാൽക്കൺ 9 ലാണ് ഉപഗ്രഹം വിക്ഷേപിച്ചത്

## Sports

- രണ്ടാമത് ഖേലോ ഇന്ത്യ ബീച്ച് ഗെയിംസിന്റെ വേദി

  **ദാദ്ര & നഗർ ഹവേലി ദാമൻ & ദിയു**

  - ഭാഗ്യചിഹ്നം - **Pearl** (The happy and energetic dolphin )

## Today's MCQ

1. മലയാറ്റൂർ ഫൗണ്ടേഷന്റെ പ്രഥമ സമഗ്ര സംഭാവന പുരസ്കാരം നേടിയത്

   (a) കെ ആർ മീര (b) സാറാ ജോസഫ്

   (c) അരുന്ധതി റോയി (d) രാജശ്രീ

2. കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്ന ജില്ല

   (a) തിരുവനന്തപുരം (b) എറണാകുളം

   (c) കൊല്ലം (d) പാലക്കാട്

**Ans : 1. (c), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
08



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 08 JANUARY 2026

## Appointment

- കെ. എസ്. ആർ. ടി. സി. യുടെ ഗുഡ്‌വിൽ അംബാസഡർ

  **മോഹൻലാൽ**

  - കേരള ക്രിക്കറ്റ് ലീഗിന്റെ അംബാസഡറും മോഹൻലാലാണ്
  - 2023 ലെ ദാദാ സാഹിബ് ഫാൽക്കെ അവാർഡ് നേടി
  - ആർട്ടിസ്റ്റ് നമ്പൂതിരി സമ്മാൻ ട്രസ്റ്റ് അധ്യക്ഷനും മോഹൻലാലാണ്

## Book and Author

- Ghost-eye എന്ന നോവലിന്റെ രചയിതാവ്

  **അമിതാവ് ഘോഷ്**

  - 54th ജ്ഞാനപീഠ പുരസ്കാര ജേതാവാണ്

## National

- മുംബൈ - അഹമ്മദാബാദ് ഹൈസ്പീഡ് റെയിൽ പ്രോജക്ടിന്റെ ഭാഗമായയുള്ള ആദ്യ പർവത തുരങ്കം **പാൽഘറിൽ**

  - ഇന്ത്യയിലെ ആദ്യ ബുള്ളറ്റ് ട്രെയിൻ റൂട്ട് **- മുംബൈ - അഹമ്മദാബാദ്**
  - ബുള്ളറ്റ് ട്രെയിൻ പ്രോജക്ടിൽ ഇന്ത്യയെ സഹായിക്കുന്നത് **- ജപ്പാൻ**
  - കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രി **- അശ്വിനി വൈഷ്ണവ്**

- രത്തൻമഹൽ വന്യജീവി സങ്കേതം സ്ഥിതി ചെയ്യുന്ന സംസ്ഥാനം

  **ഗുജറാത്ത്**

  - രത്തൻമഹൽ വന്യജീവി സങ്കേതത്തിൽ കടുവയുടെ സാന്നിധ്യം ദേശീയ കടുവ സംരക്ഷണ അതോറിറ്റി സ്ഥിരീകരിച്ചതിനെത്തുടർന്ന് 33 വർഷത്തിനുശേഷം ഗുജറാത്തിനെ 'കടുവ സംസ്ഥാനം' ആയി അംഗീകരിച്ചു

## Sports

- അടുത്തിടെ ഐ. പി. എൽ. ടൂർണമെന്റിന്റെ സംപ്രേക്ഷണം വിലക്കിയ രാജ്യം

  **ബംഗ്ലാദേശ്**

- 2026 ജനുവരിയിൽ വിരമിക്കൽ പ്രഖ്യാപിച്ച കേരള അത്‌ലറ്റ് താരം

  **ജിൻസൺ ജോൺസൺ**

  - നിലവിൽ 800 മീറ്റർ, 1500 മീറ്റർ ഓട്ടത്തിൽ ദേശീയ റെക്കോഡുകളുടെ ഉടമയാണ്
  - 2016 ലെ റിയോ ഒളിമ്പിക്സ്, ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ് എന്നിവയിലും മാറ്റുരച്ചിട്ടുണ്ട്.
  - 2018 ൽ രാജ്യം അർജുന അവാർഡ് നൽകി ആദരിച്ചു
  - 2018 ജക്കാർത്ത ഏഷ്യൻ ഗെയിംസിൽ 1500 മീറ്ററിൽ സ്വർണവും 800 മീറ്ററിൽ വെള്ളിയും നേടിയ ജിൻസൺ ഹാങ്ചൗവിൽ 1500 മീറ്ററിൽ വെങ്കലവും സ്വന്തമാക്കിയിരുന്നു

- വിജയ് ഹസാരെ ട്രോഫിയിൽ കേരളത്തിനുവേണ്ടി ഒരു മത്സരത്തിൽ ഏറ്റവും കൂടുതൽ സിക്സുകൾ നേടിയ താരം

  **വിഷ്ണു വിനോദ്**

## Demise

- 2026 ജനുവരിയിൽ അന്തരിച്ച മുൻ മന്ത്രി

**വി.കെ. ഇബ്രാഹിംകുഞ്ഞ്**

  - 2005- ൽ പി.കെ. കുഞ്ഞാലിക്കുട്ടി രാജിവെച്ചതോടെയാണ് വി.കെ. ഇബ്രാഹിംകുഞ്ഞ് ആദ്യമായി മന്ത്രിയായത് (വ്യവസായ മന്ത്രി). പിന്നീട് 2011 ലെ ഉമ്മൻചാണ്ടി മന്ത്രിസഭയിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രിയായി

- 2026 ജനുവരിയിൽ അന്തരിച്ച ഹംഗേറിയൻ സംവിധായകൻ

**ബേലാ താർ**

  - 2022 ലെ 27-ാമത് ഐഎഫ്എഫ്കെയിൽ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം നേടി

- 2026 ജനുവരിയിൽ അന്തരിച്ച മുൻ കേന്ദ്രമന്ത്രി, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റു മായിരുന്ന വ്യക്തി

**സുരേഷ് കൽമാഡി**

  - 1995 മുതൽ 1996 വരെ പി.വി.നരസിംഹറാവു സർക്കാരിൽ കേന്ദ്ര റെയിൽവേ സഹമന്ത്രിയായിരുന്നു
  - പാർലമെന്റിൽ റെയിൽവേ ബജറ്റ് അവതരിപ്പിച്ച ഏക സഹമന്ത്രി
  - ഏഷ്യൻ അത്‌ലറ്റിക് അസോസിയേഷൻ, അത്‌ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യ എന്നിവ യിലെല്ലാം പ്രസിഡന്റായി
  - ഹൈദരാബാദിൽ 2003 -ൽ ആദ്യ ആഫ്രോ - ഏഷ്യൻ ഗെയിംസ്, 2010- ൽ ഡൽഹിയിൽ കോമൺ വെൽത്ത് ഗെയിംസ് എന്നിവ നടക്കുമ്പോൾ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ്.

## Today's MCQ

1. ഇന്ത്യയിലെ ആദ്യ ഹൈഡ്രജൻ ഫ്യുവൽ ട്രെയിൻ പ്രവർത്തനം ആരംഭിക്കുന്നത് ?
   a) രാജസ്ഥാൻ　　b) ഹരിയാന
   c) ഗുജറാത്ത്　　d) ഉത്തർപ്രദേശ്

2. അടുത്തിടെ പ്രായപൂർത്തി ആകുന്നതിനുള്ള പ്രായം 21 ൽ നിന്നും 18 ആയി കുറച്ച രാജ്യം ?
   a) ഫ്രാൻസ്　　b) ഓസ്ട്രേലിയ
   c) യു എസ്.എ　　d) റഷ്യ

**Ans : 1. (b), 2. (c)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
09




FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 09 JANUARY 2026

## Appointment

- 2026 ജനുവരിയിൽ ഇന്ത്യൻ വ്യോമസേനയുടെ ഉപമേധാവിയായി നിയമിതനായത്

  **നാഗേഷ് കപൂർ**

  - ഇന്ത്യൻ വ്യോമസേന മേധാവി – **അമർ പ്രീത് സിംഗ്**

## Awards

- 2026-ൽ നൃത്യ കലാനിധി പുരസ്കാരത്തിന് അർഹയായത്

  **ഊർമിള സത്യനാരായണൻ** (ഭരതനാട്യം കലാകാരി)

- 2026-ഹരിവരാസനം പുരസ്കാരത്തിന് അർഹനായത്

  **തിരുവിഴ ജയശങ്കർ** (നാദസ്വരം കലാകാരൻ)

  - സമ്മാനത്തുക - **ഒരു ലക്ഷം രൂപ**
  - 1990-ൽ തമിഴ്നാട് സർക്കാർ അദ്ദേഹത്തെ കലൈമാമണി അവാർഡ് നൽകി ആദരിച്ചു
  - 2021-ൽ അദ്ദേഹത്തിന് ചെമ്പൈ സ്മാരക അവാർഡ് ലഭിച്ചു

## Kerala

- 2026-ൽ അക്കാദമി മ്യൂസിയം ഓഫ് മോഷൻ പിക്ചേഴ്സിൽ 'വെയർ ദി ഫോറസ്റ്റ് മീറ്റ്സ് ദി സീ' എന്ന ഫിലിം വിഭാഗത്തിൽ പ്രദർശിപ്പിക്കുന്ന ഇന്ത്യൻ ചലച്ചിത്രം

  **ഭ്രമയുഗം**

  - സംവിധായകൻ - **രാഹുൽ സദാശിവൻ**

## National

- കർണാടകയിൽ ഏറ്റവും കൂടുതൽ കാലം മുഖ്യമന്ത്രി പദവിയിലിരുന്ന വ്യക്തി

  **സിദ്ധരാമയ്യ**

  - ഡി. ദേവരാജ് ഉർസിന്റെ പേരിലുള്ള റെക്കോർഡ് മറികടക്കുന്നു
  - 2013-18 കാലയളവിൽ മുഴുവൻ കാലാവധി പൂർത്തിയാക്കിയ ശേഷം, സിദ്ധരാമയ്യ 2023 മെയ് മുതൽ ആ പദവി വഹിക്കുന്നു.

- ഭോരംദേവ് ഇടനാഴി വികസന പദ്ധതിക്ക് തറക്കല്ലിട്ടു.

  - ഛത്തീസ്ഗഡിൽ, കബീർധാം ജില്ലയിലെ ഭോരംദേവ് ധാമിൽ ഭോരംദേവ് ഇടനാഴി വികസന പദ്ധതിയുടെ തറക്കല്ലിട്ടു.
  - ഛത്തീസ്ഗഡിന്റെ ഖജുരാഹോ എന്നറിയപ്പെടുന്ന ഭോരംദേവ് ക്ഷേത്രം, പുരാതന വാസ്തു വിദ്യാ മികവിനും മതപരമായ പ്രാധാന്യത്തിനും ഇന്ത്യയിലും വിദേശത്തും പ്രശസ്തമാണ്.
  - ഇടനാഴിയുടെ വികസനത്തോടെ, തീർത്ഥാടകർക്കും വിനോദസഞ്ചാരികൾക്കും ആധുനിക സൗകര്യങ്ങൾ ലഭ്യമാകും, ഇത് പ്രദേശത്തിന്റെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക വികസനത്തിന് വഴിയൊരുക്കും.

## International

- അടുത്തിടെ ഇന്ത്യ e-B-4 വിസ നൽകിയ രാജ്യം

  **ചൈന**

  - ഉപകരണങ്ങൾ സ്ഥാപിക്കൽ, കമ്മീഷൻ ചെയ്യൽ എന്നിവയുൾപ്പെടെയുള്ള നിർദ്ദിഷ്ട ബിസിനസ്സ് പ്രവർത്തനങ്ങൾക്കായി ഇന്ത്യയിലേക്ക് യാത്ര ചെയ്യുന്നതിന് ചൈനീസ് ബിസിനസുകാർക്ക് e-B-4 വിസ എന്ന ഇ-പ്രൊഡക്ഷൻ ഇൻവെസ്റ്റ്മെന്റ് ബിസിനസ് വിസ ഇന്ത്യ അവതരിപ്പിച്ചു
  - ഇത് എംബസിയെയോ ഏജന്റുമാരെയോ സന്ദർശിക്കാതെ ഓൺലൈനായി തന്നെ അപേക്ഷിക്കാൻ കഴിയും . ആറ് മാസം വരെ ഇന്ത്യയിൽ തങ്ങാനുള്ള അനുമതി ലഭിക്കും.

- അടുത്തിടെ 570 മെഗാവാട്ട് വാങ്ചു ജലവൈദ്യുത പദ്ധതി ആരംഭിച്ചത്

  **ഭൂട്ടാൻ**

  - അദാനി ഗ്രൂപ്പ് ഔദ്യോഗികമായി ആരംഭിച്ചു

## Sports

- 72-ാമത് ദേശീയ വോളിബോൾ ടൂർണമെന്റിന്റെ വേദി

  **വാരാണസി**

  - ഭാഗ്യചിഹ്നം - **നന്ദു** (Nandi, the bull), **നീര** (Ganga dolphin)

## Demise

- **മാധവ് ഗാഡ്ഗിൽ**
  - അന്തരിച്ചത് - **2026 ജനുവരി 7**
  - ജനനം - **1942 മെയ് 24**
  - പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ
  - പശ്ചിമഘട്ടത്തിലെ പരിസ്ഥിതി ആഘാതത്തെപ്പറ്റി പഠനം നടത്താൻ കേന്ദ്ര സർക്കാർ നിയോഗിച്ച കമ്മിറ്റി - **മാധവ് ഗാഡ്ഗിൽ കമ്മിറ്റി** (2010)
  - മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് പഠനം നടത്താൻ കേന്ദ്ര സർക്കാർ നിയോഗിച്ച കമ്മിറ്റി - **കെ.കസ്തൂരിരംഗൻ കമ്മിറ്റി**
  - ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ട്, ഫോറസ്റ്റ് റൈറ്റ്സ് ആക്ട് എന്നീ നിയമങ്ങളുടെ നിർമ്മാണത്തിൽ അദ്ദേഹം വഹിച്ച പങ്ക് നിർണായകമാണ്.
  - ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി പുരസ്കാരമായ ചാമ്പ്യൻസ് ഓഫ് ദി എർത്ത് പുരസ്കാരം (2024), പത്മഭൂഷൻ (2006), പദ്മശ്രീ (1981) എന്നിവ ലഭിച്ചിട്ടുണ്ട്.
  - ആത്മകഥ - **A walk up the Hill : Living with People and Nature**

## Today's MCQ

1. കെ. എസ് .ആർ. ടി. സി യുടെ ഗുഡ്‌വിൽ അംബാസഡർ ?

   (a) സഞ്ജു സാംസൺ (b) മഞ്ജു വാര്യർ

   (c) പി ആർ ശ്രീജേഷ് (d) മോഹൻലാൽ

2. രത്തൻമഹൽ വന്യജീവി സങ്കേതം സ്ഥിതി ചെയ്യുന്ന സംസ്ഥാനം ?

   (a) രാജസ്ഥാൻ (b) ഹരിയാന

   (c) ഗുജറാത്ത് (d) ഉത്തർപ്രദേശ്

**Ans : 1. (d), 2. (c)**

# TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
10




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 10.01.2026

## Kerala

- ദേശീയ ഫിഷറീസ് വികസന ബോർഡിന്റെ റീജിയണൽ സെന്റർ നിലവിൽ വരുന്നത്

  **തിരുവനന്തപുരം**

## National

- ആധാറിന്റെ ഭാഗ്യചിഹ്നം

  **ഉദയ്**

  - തൃശ്ശൂർ സ്വദേശി അരുൺ ഗോകുലാണ് ചിഹ്നം രൂപകൽപന ചെയ്തത്
  - ആധാർ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ ചിഹ്നത്തിന് രൂപം നൽകിയത്

- അടുത്തിടെ ഭൗമ സൂചികാ പദവി **(GI Tag)** ലഭിച്ച അശ്വഗന്ധ ഇനം

  **നാഗൗരി അശ്വഗന്ധ**

  - രാജസ്ഥാനിലെ നാഗൗർ **(Nagaur)** ജില്ലയിൽ ഉത്പാദിപ്പിക്കുന്നു
  - 2025 ഡിസംബറിൽ ഡൽഹിയിൽ വച്ച് നടന്ന ലോകാരോഗ്യ സംഘടനയുടെ രണ്ടാമത് ആഗോള പരമ്പരാഗത വൈദ്യശാസ്ത്ര ഉച്ചകോടിയിൽ അശ്വഗന്ധയുടെ സ്മാരക തപാൽ സ്റ്റാമ്പ് പ്രധാനമന്ത്രി പുറത്തിറക്കി
  - അശ്വഗന്ധയുടെ ശാസ്ത്രീയ നാമം വിതാനിയ സോമ്നിഫെറ (Withania somnifera)

- ലോകത്തിലെ രണ്ടാമത്തെ എൻവയോൺമെന്റൽ സ്റ്റാൻഡേർഡ് ലബോറട്ടറി സ്ഥാപിതമായത്

  **ന്യൂഡൽഹി**

  - വായു മലിനീകരണമടക്കമുള്ള പരിസ്ഥിതി മലിനീകരണ തോത് അളക്കുന്ന ഉപകരണങ്ങളുടെ പരിശോധനയ്ക്കും കൃത്യത ഉറപ്പാക്കാനുമായുള്ള ലബോറട്ടറിയാണിത്
  - നിലവിൽ, യുകെയിൽ മാത്രമാണ് ലബോറട്ടറി ഉള്ളത്.

- റോഡ് നിർമ്മാണത്തിനായി 'ബയോബിറ്റുമിൻ' (Bio-Bitumen) വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്ന ലോകത്തിലെ ആദ്യത്തെ രാജ്യം

  **ഇന്ത്യ**

  - കാർഷിക അവശിഷ്ടങ്ങളിൽ നിന്നാണ് ഇത് പ്രധാനമായും നിർമ്മിക്കുന്നത്. പ്രത്യേകിച്ച് നെൽ വയലുകളിലെ വൈക്കോൽ പോലുള്ള പാഴ്വസ്തുക്കളാണ് ഇതിനായി ഉപയോഗിക്കുന്നത്.
  - സാധാരണയായി പെട്രോളിയം ക്രൂഡ് ഓയിലിൽ നിന്നാണ് ബിറ്റുമിൻ വേർതിരിക്കുന്നത്, ബയോബിറ്റുമിൻ വരുന്നതോടെ ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗവും ഇറക്കുമതി ചിലവും ഗണ്യമായി കുറയ്ക്കാൻ സാധിക്കും.

- കലായ് II ജലവൈദ്യുത പദ്ധതി നിലവിൽ വരുന്ന സംസ്ഥാനം

  **അരുണാചൽ പ്രദേശ്**

  - കേന്ദ്ര സർക്കാരിൽ നിന്ന് അടുത്തിടെ പാരിസ്ഥിതിക അനുമതി ലഭിച്ചു
  - ലോഹിത് (Lohit) നദിയിലാണ് പദ്ധതി നിലവിൽ വരുന്നത്
  - പദ്ധതിക്കുവേണ്ടി തയ്യാറാക്കിയ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിൽ (പ്രദേശത്ത് കാണപ്പെടുന്ന അതീവ വംശനാശഭീഷണി നേരിടുന്ന വൈറ്റ്-ബെല്ലീഡ് ഹെറോൺ (White-bellied Heron) എന്ന പക്ഷിയെക്കുറിച്ച് യാതൊരു പരാമർശവുമില്ലാത്തത് വിമർശന ങ്ങൾക്കിടയാക്കിയിട്ടുണ്ട്

- ദേശീയ കടുവാ സംരക്ഷണ അതോറിറ്റി പുറത്തുവിട്ട 2025ലെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ ഏറ്റവും കൂടുതൽ കടുവകൾ മരണപ്പെട്ട സംസ്ഥാനം

  **മധ്യപ്രദേശ്** (55 മരണം)

  - 2025-ൽ ഇന്ത്യയിൽ ആകെ 166 കടുവകളാണ് മരണപ്പെട്ടത്.

## International

- ഐക്യരാഷ്ട്രസഭയുടെ രക്ഷാസമിതിയിലെ പുതിയ അംഗരാജ്യങ്ങൾ (non permanent)

  **ബഹ്റൈൻ, കൊളംബിയ, ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ, ലാത്വിയ, ലൈബീരിയ**

  - ലാത്വിയ ചരിത്രത്തിലാദ്യമായാണ് രക്ഷാസമിതിയിൽ അംഗമാകുന്നത്.
  - 2026 ജനുവരി 1 മുതൽ രണ്ട് വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട 5 രാജ്യങ്ങൾ ഇവയാണ്

- 2026ലെ 52-ാമത് G7 ഉച്ചകോടിക്ക് ആതിഥ്യം വഹിക്കുന്ന രാജ്യം

  **ഫ്രാൻസ്**

  - 2025 - **കാനഡ**
  - 2024 - **അപുലിയ, ഇറ്റലി**
  - 2023 - **ഹിരോഷിമ**
  - സമ്പന്ന രാജ്യങ്ങളുടെ സാമ്പത്തിക സംഘടനയാണ് G-7 (രൂപീകരണ സമയത്ത് G-6 എന്ന് അറിയപ്പെട്ടിരുന്നു )
  - G-6 രൂപീകൃതമായ വർഷം - 1975
  - G-6, G-7 ആയി മാറിയ വർഷം - 1976 (കാനഡ അംഗമായതോടെയാണിത്)
  - റഷ്യ 1997ൽ യു.എസിലെ ഡെൻവർ ഉച്ചകോടിയിൽ വച്ച് G-7 ൽ അംഗമായി എന്നാൽ ഉക്രൈൻ അധിനിവേശത്തെ തുടർന്ന് 2014-ൽ റഷ്യ പുറത്തായി.
  - G-7 ലെ അംഗരാജ്യങ്ങൾ - **ജർമ്മനി, ഇറ്റലി, അമേരിക്ക, ഫ്രാൻസ്, ജപ്പാൻ, കാനഡ, യുണൈറ്റഡ് കിങ്ഡം**
  - G-7 ൽ അംഗമായ ഏക ഏഷ്യൻ രാജ്യം - **ജപ്പാൻ**

## Defence

- ◆ വിദൂര പ്രദേശങ്ങളിലും സമുദ്രതീരങ്ങളിലും സേവനമനുഷ്ഠിക്കുന്ന സൈനികർക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി ഡി.ആർ.ഡി.ഒ (DRDO) വികസിപ്പിച്ചെടുത്ത നൂതന സംവിധാനം

**SWaDeS (Sea Water Desalination System).**

  - ❖ ഇത് കൈകൊണ്ടോ അല്ലെങ്കിൽ എൻജിൻ ഉപയോഗിച്ചോ പ്രവർത്തിപ്പിക്കാൻ സാധിക്കും. അതിനാൽ വിവിധ സാഹചര്യങ്ങളിൽ ഇത് ഉപയോഗിക്കാൻ എളുപ്പമാണ്.
  - ❖ ഉപ്പുവെള്ളം മാത്രമുള്ള തടാകങ്ങൾ (ഉദാഹരണത്തിന് ലഡാക്കിലെ പാങ്കോങ് തടാകം), കടൽതീരങ്ങൾ, കപ്പലുകൾ, ദ്വീപുകൾ എന്നിവിടങ്ങളിൽ പുതിയ സംവിധാനം സൈനികർക്ക് മുതൽക്കൂട്ടാകും

- ◆ ഒരു ലക്ഷത്തിലധികം ട്രെയിനഡ് ഡ്രോൺ ഓപ്പറേറ്റർമാരെ ഉൾപ്പെടുത്തി ഇന്ത്യൻ ആർമി രൂപീകരിച്ച മോഡേൺ വാർഫെയർ ഫോഴ്സ്

**ഭൈരവ്**

  - ❖ ഡ്രോൺ സാങ്കേതികവിദ്യയെ യുദ്ധരംഗത്തുമായി സംയോജിപ്പിക്കുക എന്നതാണ് ഈ എലൈറ്റ് ഫോഴ്സിന്റെ പ്രധാന ലക്ഷ്യം

## Today's MCQ

1. അടുത്തിടെ ഇന്ത്യ e-B-4 വിസ നൽകിയ രാജ്യം

   (a) ഓസ്ട്രേലിയ (b) ചൈന

   (c) ഫ്രാൻസ് (d) റഷ്യ

2. 2026 ഹരിവരാസനം പുരസ്കാരത്തിന് അർഹനായത്

   (a) കൈതപ്രം ദാമോദരൻ നമ്പൂതിരി

   (b) വീരമണി ദാസൻ

   (c) ശ്രീകുമാരൻ തമ്പി

   (d) തിരുവിഴ ജയശങ്കർ

**Ans:** 1. **(b)**, 2.**(d)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
11




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 11 JANUARY 2026

## Appointment

- 2026 ജനുവരിയിൽ അറ്റോമിക് എനർജി റെഗുലേറ്ററി ബോർഡ് ചെയർമാനായി ചുമതലയേറ്റത്

  **എ.കെ. ബാലസുബ്രഹ്മണ്യൻ**

  - ആസ്ഥാനം - **മുംബൈ**

## Kerala

- 16-ാമത് ഇന്റർനാഷണൽ തിയേറ്റർ ഫെസ്റ്റിവൽ ഓഫ് കേരള (ITFoK) യുടെ വേദി

  **തൃശൂർ**

  - കേരള സംഗീത നാടക അക്കാദമിയാണ് സംഘടിപ്പിക്കുന്നത്

- എല്ലാ കോടതികളും പൂർണമായും കടലാസുരഹിതമാകുന്ന രാജ്യത്തെ ആദ്യ ജുഡീഷ്യൽ ജില്ലാ കോടതി

  **കൽപ്പറ്റ കോടതി**

## National

- പേയ്മെന്റ്സ് റെഗുലേറ്ററി ബോർഡിന്റെ (പി.ആർ.ബി.) ആദ്യ യോഗത്തിന്റെ വേദി

  **മുംബൈ**

  - ആർ.ബി.ഐ ഗവർണർ സഞ്ജയ് മൽഹോത്രയുടെ അധ്യക്ഷതയിൽ നടന്നു
  - പേയ്മെന്റ്സ് റെഗുലേറ്ററി ബോർഡ് പ്രാബല്യത്തിൽ വന്നത് 2025-ലാണ്
  - പേയ്മെന്റ് ആൻഡ് സെറ്റിൽമെന്റ് സിസ്റ്റംസ് ആക്ട് 2007-ലെ ഭേദഗതികളെ തുടർന്നാണ് ബോർഡ് രൂപീകരിച്ചത്

- ഇന്ത്യയിലെ ആദ്യത്തെ അർബൻ നൈറ്റ് സഫാരി ആരംഭിക്കുന്നത്

  **ലഖ്നൗ**

  - വന്യജീവി സംരക്ഷണവും നഗരാധിഷ്ഠിത ടൂറിസവും സംയോജിപ്പിച്ച്, കുക്രയിൽ വനമേഖലയിൽ ഇന്ത്യയിലെ ആദ്യത്തെ നഗര രാത്രി സഫാരി അവതരിപ്പിക്കാൻ ലഖ്നൗ ഒരുങ്ങുന്നു.

- അടുത്തിടെ A 321 XLR വിമാനം സർവീസിലേക്ക് ഉൾപ്പെടുത്തിയ എയർലൈൻ

  **ഇൻഡിഗോ**

- രാജ്യത്തെ സ്ത്രീശിശു വികസനത്തിനായുള്ള സംരംഭങ്ങളിൽ ഏകോപനം, സുതാര്യത, ഘടനാപരമായ പങ്കാളിത്തം എന്നിവ ശക്തിപ്പെടുത്തുന്നതിനായി പുറത്തിറക്കിയ സംയോജിത ഡിജിറ്റൽ പോർട്ടൽ

  **പാൻഖുഡി**

  - വനിതാശിശു വികസന മന്ത്രി അന്നപൂർണ ദേവി ഉദ്ഘാടനം ചെയ്തു.
  - ആരോഗ്യം, ശൈശവ പരിചരണവും വിദ്യാഭ്യാസവും, ശിശുക്ഷേമം, സ്ത്രീ സുരക്ഷയും ശാക്തീകരണവും ഉൾപ്പെടെയുള്ള വിഷയാധിഷ്ഠിത മേഖലകളിലാണ് പോർട്ടൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

## Science and Techology

- സൂര്യപ്രകാശത്തിന്റെ സഹായത്തോടെ കാർബൺ ഡൈ ഓക്സൈഡിനെ മെഥനോൾ ഇന്ധനമാക്കി മാറ്റാൻ കഴിവുള്ള ഒരു ഫോട്ടോകാറ്റലിറ്റിക് മെറ്റീരിയൽ അവതരിപ്പിച്ചത്

**IIT ഗുവാഹത്തി**

- അടുത്തിടെ അരുണാചൽ പ്രദേശിൽ നിന്ന് കണ്ടെത്തിയ പുതിയ ഇനം തവളകൾ

**Leptobrachium somani, Leptobrachium mechuka**

  - ഒരു ഇനത്തിന് 2022-ൽ അന്തരിച്ച കേരള പത്രപ്രവർത്തകൻ ഇ. സോമനാഥിന്റെ പേരാണ് നൽകിയിരിക്കുന്നത്.
  - അരുണാചൽ പ്രദേശിലെ ഒരു ചെറിയ പട്ടണമായ മെച്ചുകയിൽ നിന്നാണ് **Leptobrachium mechuka** ഇനത്തിന് പേര് നൽകിയിരിക്കുന്നത്.
  - 'ഫ്രോഗ്മാൻ ഓഫ് ഇന്ത്യ' എസ്.ഡി ബിജുവിന്റെ നേതൃത്വത്തിലുള്ള ശാസ്ത്രജ്ഞരുടെ സംഘമാണ് രണ്ട് പുതിയ തവള ഇനങ്ങളെ കണ്ടെത്തിയത്

## Space

- ഓരോ 16 മിനിറ്റിലും കോസ്മിക് ഡസ്റ്റ് (Cosmic Dust പ്രപഞ്ച ധൂളി) ഭൂമിയിൽ പതിക്കുന്നുണ്ടെന്ന് സ്ഥിരീകരിച്ച ബഹിരാകാശ ഏജൻസി

**ISRO**

  - ചൊവ്വ, ശുക്രൻ തുടങ്ങിയ മറ്റു ഗ്രഹങ്ങളുടെയിടയിലുള്ള സൂക്ഷ്മപൊടിപടലങ്ങൾ ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് ഓരോ ആയിരം സെക്കൻഡിലും കുതിച്ചെത്തുന്നതായാണ് കണ്ടെത്തിയിരിക്കുകയാണ്.
  - ജനുവരിയിൽ വിക്ഷേപിച്ച പി.എസ്.എൽ.വി. ഓർബിറ്റൽ എക്സ്പെരിമെന്റ് മൊഡ്യൂളിന്റെ (പോയം) ഭാഗമായ 'DEX' (ഡസ്റ്റ് എക്സിപെരിമെന്റ്) ആണ് നിർണായക കണ്ടെത്തൽ നടത്തിയത്

## Today's MCQ

1. ദേശീയ ഫിഷറീസ് വികസന ബോർഡിന്റെ റീജിയണൽ സെന്റർ നിലവിൽ വരുന്നത്

   (a) തിരുവനന്തപുരം (b) കൊല്ലം

   (c) എറണാകുളം (d) കോഴിക്കോട്

2. ആധാറിന്റെ ഭാഗ്യചിഹ്നം

   (a) സാംഖ്യകി (b) അരുൺ

   (c) അക്ഷയ് (d) ഉദയ്

**Ans: 1. (a), 2.(d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
12-13



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Important days

- ജനുവരി 12 - **ദേശീയ യുവജന ദിനം**
    - സ്വാമി വിവേകാനന്ദന്റെ ജന്മദിനമായ ജനുവരി 12 ഇന്ത്യയിൽ ദേശീയ യുവജനദിനമായി ആചരിക്കുന്നു.
    - 1984-ൽ ആണ് ഭാരത സർക്കാർ സ്വാമി വിവേകാനന്ദന്റെ ജന്മദിനം ദേശീയ യുവജനദിനമായി ആചരിക്കാൻ തീരുമാനിച്ചു 1985 മുതൽ ഭാരതം ദേശീയ യുവജനദിനം ആഘോഷിക്കുന്നു.

## Kerala

- 2025 ചാംപ്യൻസ് ബോട്ട് ലീഗ് ജേതാക്കൾ

  **വീയപുരം ചുണ്ടൻ**
    - ഇപ്പോൾ നടന്നത് അഞ്ചാമത്തെ സീസൺ
    - നെഹ്റു ട്രോഫി വള്ളംകളിയോടെ ആരംഭിക്കുന്ന ലീഗ് പ്രസിഡന്റ് ട്രോഫി വള്ളംകളിയോടെ അവസാനിക്കുന്നു. ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ക്ലബ് വിജയിക്കുന്നു
    - 2025 നെഹ്റു ട്രോഫി നേടിയത് - **വീയപുരം ചുണ്ടൻ**
    - 2025 പ്രസിഡന്റ് ട്രോഫി നേടിയത് (2026 ജനുവരിയിൽ നടന്നു) - **നിരണം ചുണ്ടൻ**
- കായിക പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി സ്പോർട്സ് ആൻഡ് റിസർച്ച് പ്ലാനിങ് വകുപ്പ് ആരംഭിക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം

  **കേരളം**
    - കായിക പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി കേരളം 'കായിക ഭവൻ' ആരംഭിക്കുന്നു
    - കേരള കായിക ഭവനിൽ സംസ്ഥാന സ്പോർട്സ് ഡയറക്ടറേറ്റും സ്പോർട്സ് ആൻഡ് റിസർച്ച് പ്ലാനിങ് വകുപ്പും തുടങ്ങും.
    - കായിക വകുപ്പ് മന്ത്രി - **വി. അബ്ദുറഹിമാൻ**
- കേരളത്തിൽ ആദ്യമായി പ്ലാസ്റ്റിക് റീസൈക്ലിങ് ഇൻഡസ്ട്രിയൽ പാർക്ക് നിലവിൽ വരുന്നത്

  **ബ്രഹ്മപുരം** (എറണാകുളം)
    - വ്യവസായ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.
- പശ്ചിമഘട്ടത്തിലെ ചോലവനങ്ങളിൽ കാണപ്പെടുന്ന ഗാലക്സി ഫ്രോഗ് (Melanobatrachus indicus) എന്ന അപൂർവയിനം തവളകൾ ഫോട്ടോ ടൂറിസം മൂലം ഭീഷണി നേരിടുന്നതായി സമീപകാലത്ത് പ്രസിദ്ധീകരിച്ച പഠനങ്ങളിൽ പറയുന്നു.
    - കേരളത്തിൽ ഇവ ചോലക്കറുമ്പി തവള എന്നാണ് അറിയപ്പെടുന്നത്

## National

- ഇന്ത്യയിലെ ആദ്യത്തെ ബയോഹാപ്പി ഡിസ്ട്രിക്റ്റ്

**കെയ്‌മി പന്യോർ**

  - ഡോ. എം.എസ്. സ്വാമിനാഥൻ മുന്നോട്ടുവെച്ച ബയോഹാപ്പിനസ് എന്ന ആശയത്തെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ പദ്ധതി.
  - ജൈവവൈവിധ്യത്തെ സംരക്ഷിച്ചുകൊണ്ട് മനുഷ്യന്റെ ആരോഗ്യം, പോഷണം, വരുമാനം എന്നിവ മെച്ചപ്പെടുത്തുക. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ഒരു സന്തുലിതാവസ്ഥ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.
  - എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനും കെയ്‌മി പന്യോർ ജില്ലാ ഭരണകൂടവും ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

- അടുത്തിടെ 'സ്വാഭിമാൻ പർവ്' ആഘോഷിച്ച ഗുജറാത്തിലെ ക്ഷേത്രം ഏത്

**സോമനാഥ ക്ഷേത്രം** (ഗുജറാത്ത്)

  - മുഹമ്മദ് ഗസ്നിയുടെ സോമനാഥ് ക്ഷേത്ര ആക്രമണത്തിന്റെ 1000-ാം വാർഷികവും, സ്വാതന്ത്ര്യാനന്തരം ക്ഷേത്രം പുതുക്കിപ്പണിതതിന്റെ 75-ാം വാർഷികവും പ്രമാണിച്ചാണ് ഇത് സംഘടിപ്പിച്ചത്

## International

- SleepFM വികസിപ്പിച്ചത്

**സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി**

  - ഉറക്കശീലങ്ങളെ അടിസ്ഥാനമാക്കി ആരോഗ്യ പ്രശ്നങ്ങൾ മുൻകൂട്ടി പ്രവചിക്കാൻ കഴിയുന്ന ആദ്യ AI മോഡലാണിത്

## Sports

- അന്താരാഷ്ട്ര ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ റൺസ് നേടിയവരിൽ രണ്ടാം സ്ഥാനത്തുള്ളത്

**വിരാട് കോലി**

  - കുമാർ സംഗക്കാരയെ മറികടന്നു
  - ഒന്നാമത് - **സച്ചിൻ തെണ്ടുൽക്കർ**
  - അന്താരാഷ്ട്ര ക്രിക്കറ്റിൽ ഏറ്റവും വേഗത്തിൽ 28000 റൺസ് നേടിയതും വിരാട് കോലിയാണ്

- അന്താരാഷ്ട്ര ക്രിക്കറ്റിൽ 650 സിക്സറുകൾ നേടിയ ആദ്യ താരം

**രോഹിത് ശർമ്മ**

  - അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റിലും T-20 ക്രിക്കറ്റിലും ഏറ്റവും കൂടുതൽ സിക്സറുകൾ നേടിയത് രോഹിതാണ്

## **Space**

- **PSLV C 62 /EOS-N1**
  - വിക്ഷേപണം - **2026 ജനുവരി 12**
  - ദൗത്യം പരാജയപ്പെട്ടു
  - 2026- ലെ ആദ്യ ദൗത്യമായിരുന്നു
- ഇതിനു മുൻപ് MAY 18 നു നടന്ന PSLV വിക്ഷേപണം PSLV C 61 പരാജയപ്പെട്ടിരുന്നു.
- രണ്ട് വിക്ഷേപണങ്ങളിലും വിക്ഷേപണത്തിന്റെ മൂന്നാംഘട്ടത്തിലാണ് പരാജയം സംഭവിച്ചത്
- ഭൗമോപരിതലത്തെ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനായി രൂപകൽപ്പന ചെയ്ത ഇ.ഒ.എസ്-എൻ.1 (അന്വേഷ) ആണ് ദൗത്യത്തിലെ പ്രധാന ഉപഗ്രഹം

## **Today's MCQ**

1. സൂര്യപ്രകാശത്തിന്റെ സഹായത്തോടെ കാർബൺ ഡൈ ഓക്സൈഡിനെ മെഥനോൾ ഇന്ധനമാക്കി മാറ്റാൻ കഴിവുള്ള ഒരു ഫോട്ടോകാറ്റലിറ്റിക് മെറ്റീരിയൽ അവതരിപ്പിച്ചത്

   (a) IIT ഗുവാഹത്തി (b) IIT കൊൽക്കത്ത

   (c) IIT ബോംബെ (d) IIT ബംഗളൂരു

2. ഇന്ത്യയിലെ ആദ്യത്തെ അർബൻ നൈറ്റ് സഫാരി ആരംഭിക്കുന്നത്

   (a) ജയ്പൂർ (b) ഇൻഡോർ

   (c) ഭോപ്പാൽ (d) ലഖ്നൗ

**Ans: 1. (a), 2.(d)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

January
14



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Appointment

- മേഘാലയയിലെ ആദ്യ വനിതാ ചീഫ് ജസ്റ്റിസായി ചുമതലയേറ്റത്

  **ജസ്റ്റിസ് രേവതി മൊഹിതെ ദേരെ**

  - കേരള ഹൈക്കോടതിയിലേക്ക് സ്ഥലം മാറ്റിയ ജസ്റ്റിസ് സൗമെൻ സെന്നിന്റെ പിൻഗാമിയായി ചുമതലയേറ്റു

## Kerala

- കേരളത്തിലെ ആദ്യത്തെ ബട്ടർഫ്ളൈ സാങ്ച്വറി

  **ആറളം**

  - കഴിഞ്ഞ 25 വർഷമായി നടത്തിയ ചിത്രശലഭ സർവ്വേകൾ വന്യജീവി സങ്കേതത്തിലെ അസാധാരണമായ വൈവിധ്യം രേഖപ്പെടുത്തിയിട്ടുണ്ട്.
  - കേരള സർക്കാർ ആറളം വന്യജീവി സങ്കേതത്തെ ഔദ്യോഗികമായി ആറളം ചിത്രശലഭ സങ്കേതം എന്ന് പുനർനാമകരണം ചെയ്തു.

- കേരളത്തിൽ ഫയർ ആൻഡ് സേഫ്റ്റി സയൻസ് ബിരുദാനന്തര ഗവേഷണ കേന്ദ്രം ആരംഭിക്കുന്നത്

  **അഞ്ചരക്കണ്ടി**

  - മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിട്ടു.

## Award

- **83rd Golden Globe 2026**

  **മികച്ച ചിത്രം**

  - ഡ്രാമ വിഭാഗം - **Hamnet**
  - മ്യൂസിക്കൽ /കോമഡി വിഭാഗം - **One Battle After Another**

  **മികച്ച നടൻ**

  - ഡ്രാമ വിഭാഗം - **Wagner Moura** (The Secret Agent)
  - മ്യൂസിക്കൽ /കോമഡി വിഭാഗം - **Timothee Chalamet** (Marty Supreme)

  **മികച്ച നടി**

  - ഡ്രാമ വിഭാഗം - **Jessie Buckley** (Hamnet)
  - മ്യൂസിക്കൽ /കോമഡി വിഭാഗം - **Rose Byrne** (If I Had Legs I'd Kick You)
  - മികച്ച സംവിധായകൻ - **Paul Thomas Anderson** (One Battle After Another)

- 2025-ലെ ഓടക്കുഴൽ പുരസ്കാരത്തിന് അർഹനായത്

  **ഇ.പി. രാജഗോപാൽ** (സാഹിത്യ വിമർശകൻ)

  - സാഹിത്യ വിമർശന ഗ്രന്ഥമായ 'ഉൾക്കഥ' യ്ക്കാണ് അവാർഡ്
  - 2024 - **അരവിന്ദാക്ഷൻ** (ഗോപ)
  - സമ്മാനത്തുക - **30,000 രൂപ**

- സമാധാന പരിപാലനത്തിനുള്ള സംഭാവനകൾക്ക് 2025 ലെ യുഎൻ സെക്രട്ടറി ജനറൽ അവാർഡ് ലഭിച്ച ഇന്ത്യൻ ആർമി ഓഫീസർ

  **സ്വാതി ശാന്ത കുമാർ**

## International

- അടുത്തിടെ ഗ്രോക്കിന് വിലക്കേർപ്പെടുത്തിയ രാജ്യങ്ങൾ

  **മലേഷ്യ, ഇന്തോനേഷ്യ**

  - അശ്ലീല ചിത്രങ്ങൾ സൃഷ്ടിക്കാനും പ്രസിദ്ധീകരിക്കാനും ഉപയോക്താക്കളെ അനുവദിക്കുന്നു എന്ന സാഹചര്യം ചൂണ്ടിക്കാട്ടിയാണ് നടപടി.
  - ഇലോൺ മസ്കിന്റെ എക്സ് ഐഎ രൂപം നൽകിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ചാറ്റ് ബോട്ടിനെ ആദ്യമായി നിരോധിക്കുന്ന രാജ്യങ്ങളാണ് ഇന്തോനേഷ്യയും മലേഷ്യയും.

- അടുത്തിടെ ഇന്ത്യൻ പാസ്പോർട്ട് ഉടമകൾക്ക് വിസ രഹിത ട്രാൻസിറ്റ് യാത്രാ സൗകര്യം പ്രഖ്യാപിച്ച രാജ്യം

  **ജർമ്മനി**

  - മറ്റൊരു രാജ്യത്തേക്ക് പോകുന്നതിനായി ജർമ്മൻ വിമാനത്താവളങ്ങളിലൂടെ കടന്നുപോകുന്ന ഇന്ത്യൻ യാത്രക്കാർക്ക് ഇനി പ്രത്യേക ട്രാൻസിറ്റ് വിസയ്ക്ക് അപേക്ഷിക്കേണ്ടതില്ല
  - അടുത്തിടെ ഇന്ത്യ സന്ദർശിച്ച ജർമ്മൻ ചാൻസലർ - **ഫ്രെഡറിക് മെർസ്**

## Science and Technology

- അടുത്തിടെ ഇന്ത്യൻ മഹാസമുദ്രത്തിൽനിന്ന് കണ്ടെത്തിയ ക്രസ്റ്റേഷ്യ വിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ജീവി

  **ഹർപാക്റ്റിക്കോയ്ഡ് കോപ്പിപോഡ്** (Harpacticoid Copepod)

  - ലക്ഷദ്വീപിന്റെ ഭാഗമായ കവരത്തി ലഗൂണിൽനിന്നാണ് കണ്ടെത്തിയത്.
  - ഇന്ത്യാഫോണ്ട് ബിജോയി (Indiaphonte bijoyi) എന്ന പേരാണ് ഇതിന് നൽകിയിരിക്കുന്നത്.

## Defence

- ഗൾഫ് ഷീൽഡ് 2026ന്റെ വേദി

  **സൗദി അറേബ്യ**

  - ഗൾഫ് സഹകരണ കൗൺസിൽ (ജി.സി.സി.) രാജ്യങ്ങളുടെ സംയുക്ത സൈനികാഭ്യാസമാണിത്

- സഞ്ജ ശക്തി  അഭ്യാസത്തിന്റെ വേദി

**മഹാരാഷ്ട്ര**

  - ഇന്ത്യൻ സൈന്യത്തിന്റെ ഒരു സൈനിക-സിവിൽ ഫ്യൂഷൻ അഭ്യാസമാണ്  സഞ്ജ ശക്തി

## Demise

- അസാമാന്യ ബുദ്ധിവൈഭവംകൊണ്ട് അതിശയിപ്പിച്ച ജപ്പാനിലെ Ai എന്ന ചിമ്പാൻസി വിടപറഞ്ഞു.
  - ഇംഗ്ലീഷ് അക്ഷരമാല ഹൃദിസ്ഥമായ, 100ലേറെ ചൈനീസ് അക്ഷരങ്ങൾ തിരിച്ചറിയാൻ കഴിയുമായിരുന്നു
  - വാർധക്യസഹജമായ അസുഖങ്ങളെത്തുടർന്നാണ് Aiയുടെ മരണം.

## Today's MCQ

1. PSLV C 62 വിക്ഷേപിച്ചതെന്ന് ?

   (a) 2026 ജനുവരി 12 (b) 2026 ജനുവരി 11

   (c) 2026 ജനുവരി 10 (d) 2026 ജനുവരി 08

2. 2025 ചാംപ്യൻസ് ബോട്ട് ലീഗ് ജേതാക്കൾ

   (a) കാരിച്ചാൽ ചുണ്ടൻ (b) വീയപുരം ചുണ്ടൻ

   (c) നിരണം ചുണ്ടൻ (d) ഗബ്രിയേൽ ചുണ്ടൻ

**Ans: 1. (a), 2.(b)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

January
15





FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 15 JANUARY 2026

## Appointment

- 2026 ജനുവരിയിൽ മെറ്റയുടെ പ്രസിഡന്റും വൈസ് ചെയർമാനുമായി നിയമിതയായത്

  **Dina Powell McCormick**

  - ട്രംപ് ഭരണകൂടത്തിന്റെ മുൻ ഉപദേഷ്ടാവും ദീർഘകാല ഫിനാൻസ് എക്സിക്യൂട്ടീവുമായിരുന്നു ദിന.
  - മുമ്പ് മെറ്റയുടെ ഡയറക്ടർ ബോർഡിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്
  - മെറ്റാ ആരംഭിച്ചത് - **2004**
  - CEO - **മാർക്ക് സക്കർബർഗ്**

- അടുത്തിടെ അഫ്ഗാനിസ്ഥാൻ എംബസിയിൽ നിയമിതനായ താലിബാൻ നയതന്ത്ര പ്രതിനിധി

  **മുഫ്തി നൂർ അഹമ്മദ് നൂർ**

  - താലിബാൻ വിദേശകാര്യ മന്ത്രാലയ ഉദ്യോഗസ്ഥനാണ് അദ്ദേഹം

## Book and Author

- The Outsider: A Memoir for Misfits എന്ന ബുക്ക് എഴുതിയത്

  **Vir Das**

## National

- 2026 BRICS - ന്റെ പ്രമേയം

  **Building for Resilience, Innovation, Cooperation and Sustainability**

  - വേദി - **ഇന്ത്യ**
  - 2026 ബ്രിക്സ് മീറ്റിംഗിന്റെ ലോഗോയും പ്രമേയവും പ്രകാശനം ചെയ്തു

- ആന്ധ്രാപ്രദേശിൽ നിലവിൽ വരുന്ന 8-ാമത് എയർപോർട്ട്

  **ദഗദർത്തി ഗ്രീൻഫീൽഡ് വിമാനത്താവളം**

  - ദഗദർത്തി ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്ക് സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകി
  - ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി - **എൻ. ചന്ദ്രബാബു നായിഡു**

## Defence

- ഇന്ത്യയുടെ ആദ്യത്തെ സൗരോർജ്ജ സ്പൈ ഡ്രോൺ സൈന്യത്തിന്റെ ഭാഗമാകുന്നു
  - Medium Altitude Persistent Surveillance System (MAPSS) എന്ന് വിളിക്കപ്പെടുന്ന സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന സ്പൈ ഡ്രോണുകൾക്കായി ബെംഗളൂരു ആസ്ഥാനമായുള്ള ഒരു സ്റ്റാർട്ടപ്പുമായി ഇന്ത്യൻ സൈന്യം 168 കോടി രൂപയുടെ കരാറിൽ ഒപ്പുവച്ചു

## International

- അടുത്തിടെ ഇന്റർനാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷനിൽ അംഗമായ ഇന്ത്യൻ എയർലൈൻ

**ആകാശ എയർ**

## Space

- ബഹിരാകാശ യാത്രികരിൽ ഒരാളുടെ ആരോഗ്യ പ്രശ്നത്തെ തുടർന്ന് ഭൂമിയിലേക്ക് മടങ്ങുന്നു ബഹിരാകാശ ദൗത്യം

**ക്രൂ-11**

- നാസയുടെ ബഹിരാകാശ സഞ്ചാരികളായ സീന കാർഡ്മാൻ, മൈക്കൽ ഫിൻകെ, ജപ്പാൻ എയ്റോസ്പേസ് എക്സ്പ്ലോറേഷൻ ഏജൻസിയിലെ കിമിയ യുയി, റോസ്കോസ്മോസിന്റെ ഒലെഗ് പ്ലാറ്റോനോവ് എന്നിവരടങ്ങിയതാണ് ക്രൂ11.
- 2025 ഓഗസ്റ്റ് 1ന് സ്പേസ് എക്സ് ക്രൂ ഡ്രാഗൺ എൻഡവർ പേടകത്തിലാണ് ഇവർ ബഹിരാകാശ നിലയത്തിലേക്ക് പോയത്.

## Sports

- സ്പാനിഷ് സൂപ്പർ കപ്പ് 2025-26 ജേതാക്കൾ

**ബാഴ്സലോണ എഫ്.സി**

- റണ്ണറപ്പ് - **റയൽ മാഡ്രിഡ്**

## Demise

- 2026 ജനുവരിയിൽ അന്തരിച്ച മുൻ ഇന്ത്യൻ ഹോക്കി താരം

**ദേവീന്ദർ സിംഗ് ഗാർച്ച**

- മുൻ ഐപിഎസ് ഉദ്യോഗസ്ഥനായ അദ്ദേഹം 1980-ലെ മോസ്കോ ഒളിമ്പിക്സിൽ സ്വർണ്ണ മെഡൽ നേടിയ ഇന്ത്യൻ ഹോക്കി ടീമിന്റെ ഭാഗമായിരുന്നു.
- 6 ഒളിമ്പിക് മത്സരങ്ങളിൽ നിന്ന് ആകെ 8 ഗോളുകൾ നേടിയ അദ്ദേഹം നിരവധി അന്താരാഷ്ട്ര മത്സരങ്ങളിലും കളിച്ചിട്ടുണ്ട്.

## Today's MCQ

1. ഗൾഫ് ഷീൽഡ് 2026ന്റെ വേദി

(a) ഒമാൻ (b) ഖത്തർ
(c) സൗദി അറേബ്യ (d) ഇറാൻ

2. അടുത്തിടെ ഇന്ത്യൻ പാസ്പോർട്ട് ഉടമകൾക്ക് വിസ രഹിത ട്രാൻസിറ്റ് യാത്രാ സൗകര്യം പ്രഖ്യാപിച്ച രാജ്യം

(a) ഫ്രാൻസ് (b) ജർമ്മനി
(c) നേപ്പാൾ (d) കാനഡ

**Ans: 1. (c), 2.(b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
16



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 16 JANUARY 2026

## Appointment

◆ ഇന്ത്യൻ ഒളിമ്പിക് അക്കാദമി പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ടത്

**പി. ടി. ഉഷ**

- ഇന്ത്യൻ ഒളിമ്പിക് അക്കാദമി ഡയറക്ടർ - **ഗഗൻ നാരങ്**
- നിലവിൽ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ വൈസ് പ്രസിഡന്റാണ് ഗഗൻ നാരങ്
- 2012 ഒളിംപിക്സിൽ ഷൂട്ടിങ്ങിൽ വെങ്കലം നേടി
- കോവിഡ് കാലത്ത് പ്രവർത്തനം നിർത്തിയ ഇന്ത്യൻ ഒളിമ്പിക് അക്കാദമി വീണ്ടും പ്രവർത്തനം ആരംഭിക്കാൻ തീരുമാനിച്ചു

## Awards

◆ 2026 ലെ പ്രേംനസീർ പുരസ്കാരത്തിന് (20th) അർഹനായത്

**പ്രിയദർശൻ**

- മലയാള ചലച്ചിത്ര മേഖലയ്ക്ക് നൽകിയ സംഭാവനകൾ പരിഗണിച്ചാണ് അവാർഡ്

◆ സുഗതകുമാരിയോടുള്ള സ്മരണാർത്ഥം സോൾലൈറ്റ് ഇന്റർനാഷണൽ ഓർഗനൈസേഷൻ ഏർപ്പെടുത്തിയ പ്രഥമ സുഗതകുമാരി സംസ്ഥാന പുരസ്കാരത്തിന് അർഹനായത്

**പ്രഭാവർമ്മ**

- രൗദ്രസാത്വികം എന്ന കൃതിക്കാണ് പുരസ്കാരം (2023 ലെ സരസ്വാതി സമ്മാൻ ഈ പുസ്തകത്തിനായിരുന്നു )
- 25,000 രൂപയും ശില്പവും പ്രശസ്തിപത്രവും അടങ്ങിയതാണ് പുരസ്കാരം

## Space

◆ ഇന്ത്യയുടെ ചന്ദ്രയാൻ 3 ദൗത്യത്തെയും, 2019 ലെ ചന്ദ്രയാൻ 2 പരാജയത്തിന് ശേഷമുള്ള ഐ.എസ്.ആർ.ഒ യുടെ തിരിച്ചുവരവിനെയും പ്രമേയമാക്കി നിർമ്മിക്കപ്പെട്ട പുതിയ വെബ് സീരീസ്

**സ്പേസ് ജെൻ: ചന്ദ്രയാൻ**

- ചന്ദ്രയാൻ 3 വിക്ഷേപണം - **2023 ജൂലൈ 14**.
- വിക്ഷേപണ വാഹനം - **LVM3-M4** (ബാഹുബലി എന്ന് വിളിപ്പേര്).
- ലാൻഡിംഗ് - **2023 ഓഗസ്റ്റ് 23** (ഇത് ദേശീയ ബഹിരാകാശ ദിനമായി' ആചരിക്കുന്നു).
- ലാൻഡ് ചെയ്ത സ്ഥലം - **ശിവശക്തി പോയിന്റ്**
- ചന്ദ്രയാൻ 2 വിക്ഷേപണം - **2019 ജൂലൈ 22**

## Kerala

◆ പന്ത്രണ്ടാം ക്ലാസ് തുല്യതാ പരീക്ഷ പാസായവർക്ക് ഉന്നതവിദ്യാഭ്യാസത്തിന് അവസരമൊരുക്കുന്നതിനായി സംസ്ഥാന സാക്ഷരതാ മിഷനുമായി ധാരണപത്രം ഒപ്പുവെച്ച സർവകലാശാല

**ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല** (SGOU)

- 'സാക്ഷരതയിൽ നിന്ന് ഉന്നത വിദ്യാഭ്യാസത്തിലേക്ക്' എന്ന തുടർ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് ധാരണ പത്രത്തിൽ ഒപ്പിട്ടത്

◆ കുടുംബശ്രീയുടെ നേതൃത്വത്തിൽ വനിതാ കാർഷികഭക്ഷ്യ സംരംഭങ്ങളെ ആഗോള നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ആരംഭിക്കുന്ന പുതിയ ബ്രാൻഡ്

**K-INAM**

- കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെന്റ് പ്രോഗ്രാം (KTAP - Kudumbashree Technology Advancement Programme) എന്ന പദ്ധതിയുടെ ഭാഗമായാണ് K-INAM നടപ്പിലാക്കുന്നത്

## National

- ജാതിയുടെയും മതത്തിന്റെയും പേരിൽ നടത്തുന്ന സാമൂഹിക ബഹിഷ്കരണം ക്രിമിനൽ കുറ്റമാക്കിക്കൊണ്ട് 2026 ജനുവരിയിൽ നിയമം വിജ്ഞാപനം ചെയ്ത ഇന്ത്യൻ സംസ്ഥാനം

  **കർണാടക**

  - ജാതിയുടെയോ സമുദായത്തിന്റെയോ പേരിൽ വിവേചനം കാണിച്ച് വ്യക്തികളെ ഒറ്റപ്പെടുത്തുന്നത് (ഊരുവിലക്ക് പോലുള്ളവ) തടയുകയാണ് ലക്ഷ്യം
  - വാക്കാലോ രേഖാമൂലമോ നടത്തുന്ന വിവേചനം സാമൂഹിക ബഹിഷ്കരണത്തിന്റെ പരിധിയിൽ വരും. അത് ചെയ്യുന്നവർക്ക് മൂന്നുവർഷം വരെ തടവും ഒരുലക്ഷം രൂപ വരെ പിഴയും ശിക്ഷ ലഭിക്കും

- രാജ്യത്ത് ആദ്യമായി ഡീപ്പ് ടെക് സ്റ്റാർട്ടപ്പ് പോളിസി നയം പുറത്തിറക്കിയ സംസ്ഥാനം

  **തമിഴ്നാട്**

## International

- ലോകത്തിലെ ഏറ്റവും പഴക്കമേറിയ നദിയായി കണക്കാക്കപ്പെടുന്ന നദി

  **ഫിങ്ക് നദി** (Finke river)

  - ഓസ്ട്രേലിയയിലെ 'മാക്ഡൊണാൾ റേഞ്ചസ്' (MacDonnell Ranges) എന്ന മലനിരകളിൽ നിന്നാണ് ഇത് ഉത്ഭവിക്കുന്നത്.
  - ഈ നദിക്ക് ഏകദേശം 300 മുതൽ 400 ദശലക്ഷം (30-40 കോടി) വർഷം പഴക്കമുണ്ടെന്ന് പഠനങ്ങൾ തെളിയിക്കുന്നു.
  - ദിനോസറുകൾക്കും മുൻപേ നിലവിലുണ്ടായിരുന്ന നദി എന്നാണ് പഠനങ്ങൾ പറയുന്നത്

## Sports

- 2025-26 വനിതാ ഹോക്കി ഇന്ത്യ ലീഗ് കിരീടം നേടിയത്

  **ഡൽഹി എസ്.ജി പൈപ്പേഴ്സ്**

  - ഷ്രാച്ചി ബംഗാൾ ടൈഗേഴ്സിനെ പരാജയപ്പെടുത്തി

- 2026 ലെ അണ്ടർ 19 ലോകകപ്പ് ക്രിക്കറ്റ് മൽസരങ്ങൾക്ക് വേദിയാകുന്നത്

  **സിംബാബ്‌വേ, നമീബിയ**

  - ഇന്ത്യയെ നയിക്കുന്നത് - **ആയുഷ് മഹാത്രെ**
  - 2024 ലെ വേദി - **ദക്ഷിണാഫ്രിക്ക** ( ജേതാക്കൾ - **ഓസ്ട്രേലിയ** )

## Demise

- 2026 ജനുവരിയിൽ അന്തരിച്ച പരിസ്ഥിതി പ്രവർത്തകൻ

  **ജി.രാജ്കുമാർ**

  - കുറിഞ്ഞി മലകളുടെയും കുറിഞ്ഞി സസ്യത്തിന്റെയും സംരക്ഷണത്തിനായി അക്ഷീണം പ്രവർത്തിച്ച വ്യക്തിയാണിദ്ദേഹം

## Today's MCQ

1. സ്പാനിഷ് സൂപ്പർ കപ്പ് 2025- 26 ജേതാക്കൾ

   (a) വില്ലാറിയൽ സി.എഫ്　　(b) എൽച്ചെ സി. എഫ്

   (c) ബാഴ്സലോണ എഫ്.സി　　(d) റയൽ മാഡ്രിഡ്

2. അടുത്തിടെ ഇന്റർനാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിസേഷനിൽ അംഗമായ ഇന്ത്യൻ എയർലൈൻ

   (a) ആകാശ എയർ　　(b) ഇൻഡിഗോ

   (c) എയർ ഇന്ത്യ　　(d) സ്പൈസ്ജെറ്റ്

**Ans : 1. (c), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
17




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 17 JANUARY 2026

## Appointment

- ITBP യുടെ പുതിയ ഡയറക്ടർ ജനറൽ

  **ശത്രുജീത് സിങ് കപൂർ**

- BSF ന്റെ പുതിയ ഡയറക്ടർ ജനറൽ

  **പ്രവീൺ കുമാർ**

- NIA യുടെ പുതിയ ഡയറക്ടർ ജനറൽ

  **രാകേഷ് അഗർവാൾ**

## Award

- 2026 ലെ ടൈലർ പ്രൈസ് നേടിയ ശാസ്ത്രജ്ഞ

  **Toby Kiers**

  - ഭൂമിക്കടിയിലുള്ള ഫംഗൽ നെറ്റ്‌വർക്കുകളെക്കുറിച്ചുള്ള നിർണ്ണായക പഠനങ്ങൾ മുൻനിർത്തിയാണ് പുരസ്കാരം
  - സസ്യങ്ങളുടെ വേരുകളുമായി ചേർന്ന് പ്രവർത്തിക്കുന്ന മൈക്കോറൈസൽ ഫംഗസുകളെ (Mycorrhizal Fungi) കുറിച്ചാണ് ഇവർ പ്രധാനമായും പഠനം നടത്തിയത്.ഭൂമിക്കടിയിലെ ആവാസവ്യവസ്ഥയെക്കുറിച്ചും ഫംഗസുകളെക്കുറിച്ചുമുള്ള പഠനവും ഇതിൽ ഉൾപ്പെടുന്നു
  - പരിസ്ഥിതിയുമായി ബന്ധപ്പെട്ട മേഖലകളിലെ ശാസ്ത്രീയമായ നേട്ടങ്ങൾക്കും നയ രൂപീകരണങ്ങൾക്കുമാണ് ടൈലർ പ്രൈസ് നൽകുന്നത്
  - 'പരിസ്ഥിതി നോബൽ' എന്നറിയപ്പെടുന്ന പുരസ്കാരമാണ് ടൈലർ പ്രൈസ് (ഗോൾഡ്മാൻ പ്രൈസ് ഗ്രീൻ നോബൽ എന്നറിയപ്പെടുന്നത് )
  - ഇന്ത്യക്കാരായ മാധവ് ഗാഡ്ഗിലിന് 2015 ലും പവൻ സുഖ്ദേവിന് 2020 ലും ടൈലർ പ്രൈസ് കിട്ടിയിട്ടുണ്ട്

- വൈക്കം മുഹമ്മദ് ബഷീർ സ്മാരക ട്രസ്റ്റിന്റെ പതിനെട്ടാമത് ബഷീർ പുരസ്കാരത്തിന് അർഹനായത്

  **എസ്. ഹരീഷ്**

  - പട്ടുനൂൽപ്പുഴു എന്ന നോവലിനാണ് പുരസ്കാരം
  - 17- ാമത് - **പി.എൻ. ഗോപീകൃഷ്ണൻ** (കവിത മാംസഭോജിയാണ്)
  - 16- ാമത് - **ഇ. സന്തോഷ് കുമാർ** (നാരകങ്ങളുടെ ഉപമ)
  - സമ്മാനത്തുക - **50000** രൂപ

## Kerala

- 2025-26 അധ്യയന വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ വേദി

  **തൃശൂർ**

- സംസ്ഥാനത്തെ ആദ്യ വർക്ക് നിയർ ഹോം കേന്ദ്രം നിലവിൽ വന്നത്

  **കൊട്ടാരക്കര**

  - ഐടിവിജ്ഞാനാധിഷ്ഠിത മേഖലകളിൽ ജോലിചെയ്യുന്നവർക്ക് സ്വന്തം വീടിനടുത്ത് ലോകോത്തര നിലവാരത്തിലുള്ള തൊഴിലിടങ്ങൾ ഒരുക്കുന്നതാണ് പദ്ധതി

◆ രാജ്യത്ത് ബ്ലോക്ക് ചെയിൻ സംവിധാനം നടപ്പിലാക്കുന്ന ആദ്യത്തെ പബ്ലിക് സർവീസ് കമ്മീഷൻ ആയി മാറിയത്

**കേരള പി.എസ്.സി**

❖ വലിയ ഡാറ്റകൾ സുതാര്യമായും സുരക്ഷിതമായും സൂക്ഷിക്കാനും പരിപാലിക്കാനും കഴിയുന്ന സംവിധാനമാണ് ബ്ലോക്ക്ചെയിൻ

❖ ഡിജിറ്റൽ സർവകലാശാലയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്

**National**

◆ വാലി ഓഫ് ഫ്ളവേഴ്സ് നാഷണൽ പാർക്ക് സ്ഥിതി ചെയ്യുന്ന സംസ്ഥാനം

**ഉത്തരാഖണ്ഡ്** (ചമോലി ജില്ല)

❖ 2026 ജനുവരിയിൽ ശൈത്യകാലത്തെ അസാധാരണമായ കാട്ടുതീ ഭീഷണി നേരിട്ടതിനെ ത്തുടർന്ന് വാർത്തകളിൽ ഈ ദേശീയ ഉദ്യാനം ഇടം നേടി

❖ സാധാരണ വേനൽക്കാലത്ത് മാത്രം കാണാറുള്ള കാട്ടുതീ, ഇത്തവണ കടുത്ത മഞ്ഞുകാലത്ത് റിപ്പോർട്ട് ചെയ്തതാണ് ഈ പാർക്കിനെ വാർത്തകളിൽ എത്തിച്ചത്. മഞ്ഞുവീഴ്ചയുടെയും മഴയുടെയും കുറവാണ് ഇതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

❖ 1982-ൽ ദേശീയ ഉദ്യാനമായി പ്രഖ്യാപിച്ചു. ഇതൊരു യുനെസ്കോ ലോക പൈതൃക കേന്ദ്രം കൂടിയാണ്.

◆ 2026-ൽ പുറത്തുവിട്ട നീതി ആയോഗിന്റെ The Export Preparedness Index 2024 പ്രകാരം വലിയ സംസ്ഥാനങ്ങളിൽ മികച്ച പ്രകടനം

**മഹാരാഷ്ട്ര**

❖ രണ്ടാമത് - **തമിഴ്നാട്**

❖ മൂന്നാമത് - **ഗുജറാത്ത്**

❖ കേരളം - **11-ാമത്**

**ചെറിയ സംസ്ഥാനങ്ങൾ, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ & കേന്ദ്രഭരണ പ്രദേശങ്ങൾ എന്നി വയിൽ മികച്ച പ്രകടനം നടത്തിയത്**

**ഉത്തരാഖണ്ഡ്**

❖ രണ്ടാം സ്ഥാനം - **ജമ്മു കശ്മീർ**

❖ മൂന്നാം സ്ഥാനം - **നാഗാലാൻഡ്**

❖ നീതി ആയോഗ് സി. ഇ. ഒ - **ബിവിആർ സുബ്രഹ്മണ്യം**

**International**

◆ 2026 ജനുവരിയിൽ പുറത്തുവിട്ട ഹെൻലി പാസ്പോർട്ട് ഇൻഡക്സ് പ്രകാരം ഒന്നാമതുള്ളത്

**സിംഗപ്പൂർ**

❖ ജപ്പാനും ദക്ഷിണ കൊറിയയും രണ്ടാം സ്ഥാനം

❖ ഇന്ത്യയുടെ റാങ്ക് - **80** (55 രാജ്യങ്ങളിലേക്ക് വിസ രഹിത പ്രവേശനം ) (അൾജീരിയ , നൈജർ എന്നിവരുടെ റാങ്കും 80)

❖ ഏറ്റവും അവസാന സ്ഥാനം - **അഫ്ഗാനിസ്ഥാൻ**

- ആഗോള സെമികണ്ടക്ടർ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി അമേരിക്കയുടെ നേതൃത്വത്തിൽ ആരംഭിച്ച പാക്സ് സിലിക്കയിലേക്ക് ഇന്ത്യയെ ക്ഷണിച്ചു
  - Pax എന്നാൽ ഇംഗ്ലീഷിൽ സമാധാനം, സ്ഥിരത, സമൃദ്ധി എന്നെല്ലാമാണ് അർഥം. സിലിക്കൺ ഡയോക്സൈഡിനെ സൂചിപ്പിക്കുന്നതാണ് Silica.
  - സെമി കണ്ടക്ടർ നിർമാണം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാന സൗകര്യങ്ങൾ, സിലിക്കൺ വിതരണ ശൃംഖല എന്നിവയിൽ മുന്നേറ്റമുണ്ടാക്കാനായി അമേരിക്ക രൂപീകരിച്ച തന്ത്രപ്രധാനമായ സഖ്യമാണിത്.
  - 2025 ഡിസംബറിലാണ് സഖ്യം പ്രഖ്യാപിച്ചത്.

**Today's MCQ**

1. ഇന്ത്യൻ ഒളിമ്പിക് അക്കാദമി പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ടത്

   (a) പിടി ഉഷ (b) ഗഗൻ നാരങ്
   
   (c) ജയ് ഷാ (d) അഭിനവ് ബിന്ദ്ര

2. 2026 ലെ പ്രേംനസീർ പുരസ്കാരത്തിന് അർഹനായത്

   (a) രാജസേനൻ (b) ജഗദീഷ്
   
   (c) ഷാജി കൈലാസ് (d) പ്രിയദർശൻ

**Ans : 1. (a), 2. (d)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
18




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Appointment

- പൂനെ ഗ്രാൻഡ് ടൂർ 2026 ന്റെ ഗുഡ്‌വിൽ അംബാസഡർ

  **മഹേന്ദ്ര സിംഗ് ധോണി**

  - ഇന്ത്യയിലെ ആദ്യത്തെ അന്താരാഷ്ട്ര മൾട്ടിസ്റ്റേജ് പ്രൊഫഷണൽ റോഡ് സൈക്ലിംഗ് റേസാണ് പൂനെ ഗ്രാൻഡ് ടൂർ 2026
- 2026 ജനുവരിയിൽ യമൻ പ്രധാനമന്ത്രിയായി നിയമിതനായത്

  **Shaya Mohsen Zindani**

  - സലീം ബിൻ ബ്രൈക്കിന്റെ രാജിയെത്തുടർന്നാണ് വിദേശകാര്യ മന്ത്രി ഷായ മൊഹ്‌സെൻ സിന്ദാനിയെ യമന്റെ പുതിയ പ്രധാനമന്ത്രിയായി നിയമിച്ചത്

## Award

- 2024 ലെ ജെ.സി. ഡാനിയേൽ പുരസ്കാരത്തിന് അർഹയായത്

  **ശാരദ** (ചലച്ചിത്ര നടി )

  - രണ്ടു തവണ മികച്ച നടിക്കുള്ള ദേശീയ പുരസ്കാരം നേടി
  - പ്രധാന ചിത്രങ്ങൾ - **ത്രിവേണി, മുറപ്പെണ്ണ്, മൂലധനം, ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം**
  - 2023 - **ഷാജി എൻ. കരുൺ**
  - 2022 - **ടി.വി. ചന്ദ്രൻ**
  - 2021 - **കെ.പി. കുമാരൻ**
  - ജെ.സി. ഡാനിയേൽ പുരസ്കാരം ഏർപ്പെടുത്തിയ വർഷം -**1992**
  - ആദ്യത്തെ ജെ.സി. ഡാനിയേൽ പുരസ്കാര ജേതാവ് - **ടി.ഇ. വാസുദേവൻ** (1992)
  - ജെ.സി. ഡാനിയേൽ പുരസ്കാരം ലഭിച്ച ആദ്യ വനിത - **ആറന്മുള പൊന്നമ്മ** (2005)
  - പുരസ്കാരം ലഭിച്ച രണ്ടാമത്തെ വനിത ഷീലയും (2018), മൂന്നാമത്തെ വനിത ശാരദയുമാണ്.
  - മലയാള ചലച്ചിത്രരംഗത്തെ ആയുഷ്കാല സംഭാവനകളെ അടിസ്ഥാനമാക്കി നൽകുന്ന പുരസ്കാരമാണിത്
  - സംസ്ഥാന സർക്കാരിന്റെ പരമോന്നത ചലച്ചിത്ര ബഹുമതിയാണ്
  - സമ്മാനത്തുക - **അഞ്ച് ലക്ഷം രൂപ**
- 2026-ൽ ലോകത്തിലെ ഏറ്റവും വലിയ എ.ഐ. ഫിലിം അവാർഡ് നേടിയത്

  **Zoubeir Jlassi** ( ടുണീഷ്യൻ ചലച്ചിത്ര നിർമ്മാതാവ് )

  - 'ലില്ലി' എന്ന ചിത്രത്തിലൂടെയാണ് ഈ നേട്ടം കൈവരിച്ചത്

## Kerala

- 9-ാമത് അന്താരാഷ്ട്ര സുഗന്ധവ്യഞ്ജന സമ്മേളനം 2026 ന്റെ വേദി

  **കൊച്ചി**

## National

- ഇന്ത്യയിലെ ആദ്യത്തെ ഗ്രീൻ അമോണിയ പദ്ധതി നിലവിൽ വരുന്ന സംസ്ഥാനം

  **ആന്ധ്രാപ്രദേശ്**

  - ലോകത്തിലെ ഏറ്റവും വലുതുമായ ഗ്രീൻ അമോണിയ പദ്ധതി ആണിത്
  - ആന്ധ്രാപ്രദേശിലെ കാക്കിനടയിൽ ആരംഭിക്കാൻ ഒരുങ്ങുന്നു.
  - ആന്ധ്രാപ്രദേശിലെ മുഖ്യമന്ത്രി - **എൻ ചന്ദ്രബാബു നായിഡു**
- 78-ാമത് ഇന്ത്യൻ ആർമി ദിന പരേഡ് നടന്നത്

  **ജയ്പൂർ** (രാജസ്ഥാൻ )

  - കരസേന ദിനം - **ജനുവരി 15**
- ഇന്ത്യയിലെ ആദ്യത്തെ സൗരോർജ്ജ എ.ടി.എം. വാൻ അവതരിപ്പിച്ചത്

  **ത്രിപുര ഗ്രാമീൺ ബാങ്ക്**

## International

- 2025 ലെ സമാധാന നോബൽ ജേതാവായ മരിയ കൊറിന മച്ചാഡോ തന്റെ മെഡൽ ഡൊണാൾഡ് ട്രംപിന് നൽകി
  - തനിക്ക് ലഭിച്ച സമാധാനത്തിനുള്ള നൊബൽ സമ്മാനം യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് സമ്മാനിച്ച് വെനസ്വേല പ്രതിപക്ഷനേതാവും സമാധാന നൊബേൽ ജേതാവുമായ മരിയ കൊറിന മച്ചാഡോ
  - നൊബേൽ സമ്മാനം റദ്ദാക്കാനോ മറ്റൊരാൾക്ക് കൈമാറാനോ സാധ്യമല്ലെന്ന് നോർവീജിയൻ നൊബേൽ ഇൻസ്റ്റിറ്റ്യൂട്ട് വ്യക്തമാക്കി
  - വെനസ്വേല പ്രസിഡന്റ് നിക്കോളാസ് മഡൂറോയെ സൈനിക നടപടിയിലൂടെ പിടികൂടിയ സംഭവത്തിൽ ആഗോളതലത്തിൽ അമേരിക്കയ്ക്ക് എതിരെ വികാരം ശക്തമാകുന്നതിനിടെയാണ് മച്ചാഡോയുടെ ഈ നടപടി.
- G7 ക്രിട്ടിക്കൽ മിനറൽസ് മന്ത്രിതല യോഗത്തിന്റെ വേദി

  **വാഷിങ്ടൺ ഡി.സി.** (യു.എസ്.)

  - കേന്ദ്ര ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി മന്ത്രി അശ്വിനി വൈഷ്ണവ് യോഗത്തിൽ പങ്കെടുത്തു
  - യൂറോപ്യൻ യൂണിയനോടൊപ്പം അമേരിക്ക, യു.കെ, ജപ്പാൻ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, കാനഡ എന്നീ രാജ്യങ്ങളും ഉൾപ്പെടുന്നതാണ് G7

## Today's MCQ

1. വൈക്കം മുഹമ്മദ് ബഷീർ സ്മാരക ട്രസ്റ്റിന്റെ പതിനെട്ടാമത് ബഷീർ പുരസ്കാരത്തിന് അർഹനായത്
   (a) സേതു
   (b) എസ്. ഹരീഷ്
   (c) പി.എൻ. ഗോപീകൃഷ്ണൻ
   (d) ഇ. സന്തോഷ് കുമാർ
2. 2025-26 അധ്യയന വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ വേദി
   (a) കൊല്ലം (b) തൃശൂർ
   (c) തിരുവനന്തപുരം (d) കോഴിക്കോട്

**Ans : 1. (b), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
19-20



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 19, 20 JANUARY 2026

## Space

- അര നൂറ്റാണ്ടിനു ശേഷം മനുഷ്യനെ വീണ്ടും ചന്ദ്രനിൽ എത്തിക്കുന്ന നാസയുടെ ദൗത്യം

**ആർട്ടെമിസ് 2**

- ആർട്ടെമിസ് 2 വിലെ യാത്രക്കാർ - **Reid Wiseman**, **Victor Glover** (ചന്ദ്രദൗത്യത്തിൽ പങ്കാളിയാകുന്ന ആദ്യത്തെ കറുത്ത വർഗക്കാരൻ), **Christina Koch** (ചന്ദ്രദൗത്യത്തിൽ പങ്കാളിയാകുന്ന ആദ്യ വനിത), **Jeremy Hansen** (കനേഡിയൻ സ്പേസ് ഏജൻസിയിൽ നിന്നുള്ള യാത്രികൻ അമേരിക്കക്കാരനല്ലാത്ത ആദ്യത്തെ ചാന്ദ്ര സഞ്ചാരി)
- ഈ ദൗത്യത്തിൽ പേടകം ചന്ദ്രനിൽ ഇറങ്ങില്ല. പകരം, നാല് ബഹിരാകാശ സഞ്ചാരികളുമായി ചന്ദ്രനെ വലം വെച്ചശേഷം തിരികെ ഭൂമിയിലേക്ക് മടങ്ങും.
- എസ്.എൽ.എസ് (Space Launch System - SLS) എന്ന വമ്പൻ റോക്കറ്റിലാണ് ഓറിയോൺ (Orion) എന്ന പേടകം വിക്ഷേപിക്കുന്നത്
- മനുഷ്യനെ ചന്ദ്രോപരിതലത്തിൽ ഇറക്കാനുള്ള നാസയുടെ ദൗത്യം ആർട്ടെമിസ്3
- മനുഷ്യൻ അവസാനമായി ചന്ദ്രനിൽ ഇറങ്ങിയത് 1972ൽ അപ്പോളോ17 ലൂടെ

## Awards

- സത്യജിത് റേ ഫിലിം സൊസൈറ്റിയുടെ 13-ാമത് സത്യജിത് റേ പുരസ്കാരത്തിന് അർഹനായത്

**ടി വി ചന്ദ്രൻ**

- 2022 ലെ ജെ സി ഡാനിയേൽ പുരസ്കാര ജേതാവാണ്

## Books and Author

- കവി കെ സച്ചിദാനന്ദന്റെ ആത്മകഥ

**അവിരാമം**

## Kerala

- 2025-26 അധ്യയന വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവ കിരീടം നേടിയത്

**കണ്ണൂർ**

- രണ്ടാമത് - **തൃശൂർ**
- വേദി - **തൃശൂർ**
- ഇത്തവണ വേദികളുടെ പേരുകൾ പൂക്കളുടെ പേരുകളായിരുന്നു
- 2024-2025 വർഷത്തെ ജേതാക്കൾ - **തൃശൂർ** (വേദി - തിരുവനന്തപുരം)
- സംസ്ഥാന സ്കൂൾ കലോത്സവത്തിൽ വീഡിയോ കോൺഫറൻസ് വഴി പങ്കെടുക്കുന്ന ആദ്യ മത്സരാർഥി

**സിയ ഫാത്തിമ**

- കെ. എസ്. ഇ. ബി. യിലെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലെ ക്രമക്കേട് കണ്ടെത്താൻ വിജിലൻസ് നടത്തിയ ഓപ്പറേഷൻ

**ഓപ്പറേഷൻ ഷോർട്ട് സർക്യൂട്ട്**

◆ ജീവിത പ്രതിസന്ധികളെ തരണം ചെയ്യാൻ സ്ത്രീകളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ വനിതാ കമ്മീഷൻ നടപ്പിലാക്കുന്ന ക്യാമ്പയിൻ

**പറന്നുയരാം കരുത്തോടെ**

❖ ക്യാമ്പയിന്റെ ബ്രാൻഡ് അംബാസിഡർ - **മഞ്ജു വാരിയർ**

❖ വനിതാ കമ്മീഷൻ അധ്യക്ഷ - **പി സതീദേവി**

## National

◆ ആഗോള സാമ്പത്തിക സഹകരണ ഫോറത്തിന്റെ പ്രഥമ ഉച്ചകോടിക്ക് വേദിയാകുന്ന ഇന്ത്യൻ നഗരം

**മുംബൈ**

◆ ഹരിയാനയിലെ കർണാലിലുള്ള നാഷണൽ ഡയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത ഒരു കൃത്രിമ പശു ഇനം

**കരൺ ഫ്രൈസ്**

❖ ഉത്തർപ്രദേശിലെ ബറേലിയിലുള്ള ഐ.സി.എ.ആർ. ഇന്ത്യൻ വെറ്ററിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത പശു ഇനം - **വൃന്ദാവനി**

## International

◆ ഏറ്റവും പുതിയ റിപ്പോർട്ടുകൾ പ്രകാരം, ലോകത്ത് ഏറ്റവും കൂടുതൽ പ്രമേഹ രോഗികളുള്ള രാജ്യം

**ചൈന**

❖ രണ്ടാം സ്ഥാനം - ഇന്ത്യ

❖ മൂന്നാം സ്ഥാനം - അമേരിക്ക

◆ ആഗോളതലത്തിൽ 5G മൊബൈൽ ഉപഭോക്താക്കളുടെ എണ്ണത്തിൽ ഇന്ത്യയുടെ സ്ഥാനം

**രണ്ടാം സ്ഥാനം**

❖ അമേരിക്കയെ (USA) പിന്തള്ളിയാണ് ഇന്ത്യ രണ്ടാമതെത്തിയത്

❖ 5G ഉപഭോക്താക്കളുടെ എണ്ണത്തിൽ ചൈനയാണ് ഇപ്പോഴും ലോകത്ത് ഒന്നാം സ്ഥാനത്ത് തുടരുന്നത്.

◆ The High Seas Treaty or Biodiversity Beyond National Jurisdictions (BBNJ) Agreement, നിലവിൽ വന്നത്

**2026 ജനുവരി 17**

❖ സമുദ്രങ്ങളെയും സമുദ്രജീവികളെയും സംരക്ഷിക്കുന്നതിനുള്ള ലോകത്തിലെ ആദ്യത്തെ നിയമപരമായ അന്താരാഷ്ട്ര ഉടമ്പടി പ്രാബല്യത്തിൽ വന്നു

◆ യു എസ് പ്രഖ്യാപിച്ച ഗാസ സമാധാന ബോർഡിന്റെ സ്ഥാപക അംഗങ്ങൾ

**മാർകോ റുബിയോ** (യു.എസ് സ്റ്റേറ്റ് സെക്രട്ടറി)

**ടോണി ബ്ലയർ** (ബ്രിട്ടീഷ് മുൻ പ്രധാനമന്ത്രി)

❖ ചെയർമാൻ - **ഡൊണാൾഡ് ട്രംപ്**

## Sports

◆ ഓസ്ട്രേലിയൻ ഓപ്പണിൽ കളിക്കുന്ന ഏറ്റവും പ്രായം കൂടിയ വനിതാ താരം

**വീനസ് വില്യംസ്** (അമേരിക്കൻ താരം)

❖ സീസണിലെ ആദ്യ ഗ്രാൻസ്ലാം ടെന്നീസ് ടൂർണ്ണമെന്റ് - **ഓസ്ട്രേലിയൻ ഓപ്പൺ**

❖ 2025 ലെ പുരുഷ വിഭാഗം ചാമ്പ്യൻ - **Jannik Sinner** (ഇറ്റാലിയൻ താരം)

❖ 2025 ലെ വനിത വിഭാഗം ചാമ്പ്യൻ - **മാഡിസൺ കെയ്സ്** (അമേരിക്കൻ താരം)

- ലോകത്ത് ഏറ്റവും കൂടുതൽ പ്രതിഫലം കൈപ്പറ്റുന്ന കായിക താരമെന്ന നേട്ടം തുടർച്ചയായ മൂന്നാം വർഷവും സ്വന്തമാക്കിയത്

**ക്രിസ്റ്റ്യാനോ റൊണാൾഡോ**

  - സൗദി അറേബ്യൻ ഫുട്ബോൾ ക്ലബ്ബ് അൽനസ്റിന്റെ താരമാണ്
  - രണ്ടാമത് - **കനെലോ അൽവാരസ്** (ബോക്സിങ്)
  - മൂന്നാസ്ഥാനം - **ലയണൽ മെസ്സി** (ഫുട്ബോൾ)

- 2026 ആഫ്രിക്കൻ നേഷൻസ് ലീഗ് ജേതാക്കൾ

**സെനഗൽ** ( രണ്ടാം കീരിടം)

  - ഫൈനലിൽ മൊറോക്കയെ പരാജയപ്പെടുത്തി

**<u>Today's MCQ</u>**

1. G7 ക്രിട്ടിക്കൽ മിനറൽസ് മന്ത്രിതല യോഗത്തിന്റെ വേദി

   a) വാഷിങ്ടൺ ഡി.സി. b) പാരീസ്

   c) ബർലിൻ d) ലണ്ടൻ

2. 78-ാമത് ഇന്ത്യൻ ആർമി ദിന പരേഡ് നടന്നത്

   a) ലഖ്നൗ b) ന്യൂഡൽഹി

   c) ജയ്പൂർ d) ഭോപ്പാൽ

**Ans : 1. (a), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
21-22



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 21 & 22 JANUARY 2026

## Appointment

- 2026 ജനുവരിയിൽ റിസർവ് ബാങ്ക് റീജിയണൽ ഡയറക്ടറായി ചുമതലയേറ്റത്

  **പ്രവീൺകുമാർ വസന്ത രാമചന്ദ്രൻ**

  - കേരളം, ലക്ഷദ്വീപ് എന്നിവയുടെ ചുമതലയാണ് വഹിക്കുന്നത്

## Kerala

- ശബരിമല സ്വർണക്കൊള്ളക്കേസുമായി ബന്ധപ്പെട്ട് കള്ളപ്പണ ഇടപാടുകൾ അന്വേഷിക്കുന്നതിന്റെ ഭാഗമായി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) നടത്തിയ വ്യാപക പരിശോധനയ്ക്ക് നൽകിയ പേര്

  **ഓപ്പറേഷൻ ഗോൾഡൻ ഷാഡോ**

  - കേരളം, തമിഴ്നാട് , കർണാടക എന്നിവിടങ്ങളിലാണ് പരിശോധന നടത്തിയത്

## National

- 2026 ജനുവരിയിൽ ഇന്ത്യ സന്ദർശിച്ച യു.എ.ഇ. പ്രസിഡന്റ്

  **ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ**

- അടുത്തിടെ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡി.ജി.സി.എ) 22.20 കോടി രൂപ പിഴ ചുമത്തിയ ഇന്ത്യൻ എയർലൈൻ

  **ഇൻഡിഗോ**

- ഇന്ത്യയിലെ ആദ്യത്തെ സോവറിൻ AI പാർക്ക് സ്ഥാപിതമാകുന്നത്

  **തമിഴ്നാട്**

  - ഇതിനായി തമിഴ്നാട് സർക്കാരും സർവം AI യും ധാരണാപത്രത്തിൽ ഒപ്പുവച്ചു.

- ഇന്ത്യയിലെ ഏറ്റവും ദൈർഘ്യമേറിയ ഫ്യൂണിക്കുലർ റെയിൽവേ തുറന്നത്

  **മഹാരാഷ്ട്ര** (താനെ ജില്ലയിലെ മലങ്കഡിൽ )

  - കുത്തനെയുള്ള പ്രദേശങ്ങളിലേക്ക് ആളുകൾക്ക് യാത്ര ചെയ്യുന്നതിനായി ലിഫ്റ്റ്റെയിൽവേ സാങ്കേതികവിദ്യകൾ സംയോജിപ്പിച്ച് ഒരുക്കുന്ന യാത്ര സംവിധാനമാണ് ഫ്യൂണിക്കുലാർ റെയിൽവേ. മലയോര പ്രദേശങ്ങളിലാണ് ഇത് കൂടുതൽ പ്രയോജനപ്പെടുക

- 2026 ലെ ഇന്ത്യ ഇന്റർനാഷണൽ ഡെമോക്രസി ആൻഡ് ഇലക്ഷൻ മാനേജ്മെന്റ് കോൺഫറൻസിനു ആതിഥേയത്വം വഹിക്കുന്നത്

  **ഇന്ത്യ**

  - ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ നേതൃത്വം വഹിക്കും
  - മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ **- ഗ്യാനേഷ് കുമാർ**

- കാസിരംഗ എലിവേറ്റഡ് കോറിഡോർ പ്രോജക്റ്റ് ഉദ്ഘാടനം ചെയ്തത്

**നരേന്ദ്ര മോദി**

  - ആസാമിലെ കാസിരംഗ നാഷണൽ പാർക്കിന് സമീപം വന്യജീവി സംരക്ഷണവും ഗതാഗത സൗകര്യവും മുൻനിർത്തി നടപ്പിലാക്കുന്ന പദ്ധതിയാണിത്
  - മഴക്കാലത്ത് ബ്രഹ്മപുത്ര നദി കരകവിയുമ്പോൾ കാസിരംഗയിലെ മൃഗങ്ങൾ സുരക്ഷിതമായ ഉയർന്ന പ്രദേശങ്ങളിലേക്ക് മാറാറുണ്ട്. ഈ സമയത്ത് ദേശീയ പാത മുറിച്ചു കടക്കുമ്പോൾ വാഹനമിടിച്ച് വന്യജീവികൾ കൊല്ലപ്പെടുന്നത് ഒഴിവാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

- 2026-ലെ റിപ്പബ്ലിക് ദിന പരേഡിന്റെ പ്രമേയം

**വന്ദേമാതരത്തിന്റെ 150 വർഷങ്ങൾ (150 Years of Vande Mataram)**

  - വന്ദേമാതരത്തിന്റെ 150-ാം വാർഷികം പ്രമേയമാക്കി, 2026-ലെ 77-ാമത് റിപ്പബ്ലിക് ദിന പരേഡിനായി സംഗീതം ചിട്ടപ്പെടുത്തിയത് **- എം.എം. കീരവാണി**
  - ഓസ്കാർ ജേതാവായ ഇദ്ദേഹമാണ് തെലങ്കാനയുടെ ഔദ്യോഗിക ഗാനത്തിന് സംഗീതം നൽകിയതും
  - 2026 റിപ്പബ്ലിക് ദിനത്തിലെ മുഖ്യാഥിതികൾ **- Antonio Costa , Ursula von der Leyen**

- കേന്ദ്ര സാഹിത്യ അക്കാദമി അവാർഡിന്റെ മാതൃകയിൽ, ഹിന്ദി ഇതര ഭാഷകൾക്കായി പുരസ്കാരം' ഏർപ്പെടുത്തുന്ന സംസ്ഥാനം

**തമിഴ്നാട്**

  - 'സെമ്മൊഴി ഇലക്കിയ വിരുതു' (ശ്രേഷ്ഠഭാഷാ സാഹിത്യ പുരസ്കാരം) എന്നാണ് പുരസ്കാരത്തിന്റെ പേര്
  - ഓരോ ഭാഷയിലെ അവാർഡിനും അഞ്ച് ലക്ഷം രൂപ വീതം സമ്മാനമായി നൽകും.

- 2026 ജനുവരിയിൽ രണ്ടാം ആഗോള ബുദ്ധമത ഉച്ചകോടിക്ക് വേദിയാകുന്നത്

**ന്യൂഡൽഹി**

  - സാംസ്കാരിക മന്ത്രാലയവും ഇന്റർനാഷണൽ ബുദ്ധിസ്റ്റ് കോൺഫെഡറേഷനും (IBC) ചേർന്ന് സംഘടിപ്പിക്കുന്നു

- ഇന്ത്യയിലെ ആദ്യത്തെ 'ഓപ്പൺ സീ മറൈൻ ഫിഷ് ഫാമിംഗ്' പദ്ധതി ആരംഭിച്ചത്

**നോർത്ത് ബേ** (ആൻഡമാൻ കടൽ)

  - ഇന്ത്യയിൽ ആദ്യമായി തുറന്ന കടലിൽ മത്സ്യം വളർത്തുന്നതിനുള്ള ഔദ്യോഗിക പദ്ധതി ആൻഡമാൻ കടലിലെ നോർത്ത് ബേയിൽ ആരംഭിച്ചു.
  - കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന് കീഴിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്

## International

- രാജ്യത്ത് പട്ടാള നിയമം ഏർപ്പെടുത്തിയതുമായി ബന്ധപ്പെട്ട് അഞ്ച് വർഷം തടവ് ശിക്ഷ ലഭിച്ച മുൻ ദക്ഷിണ കൊറിയൻ പ്രസിഡന്റ്

**Yoon Suk Yeol**

- വേൾഡ് റെസ്പോൺസിബിൾ നേഷൻസ് ഇൻഡെക്സ് 2026ൽ ഇന്ത്യയുടെ സ്ഥാനം

**16**

  - ഒന്നാമത് - **സിംഗപ്പൂർ**
  - രണ്ടാമത് - **സ്വിറ്റ്സർലാന്റ്**
  - മൂന്നാമത് - **ഡെന്മാർക്ക്**
  - ഇന്ത്യ ആസ്ഥാനമായി പ്രവർത്തിക്കുന്ന വേൾഡ് ഇന്റലെക്ചൽ ഫൗണ്ടേഷന്റെ സംരംഭമാണ് റെസ്പോൺസിബിൾ നേഷൻസ് ഇൻഡെക്സ്

- 2026 വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ വേദി

**ദാവോസ്** (സ്വിറ്റ്സർലാന്റ്)

  - കേരളത്തിൽ നിന്നുള്ള ഔദ്യോഗിക സംഘത്തെ നയിക്കുന്നത് വ്യവസായ മന്ത്രി പി രാജീവ്
  - പ്രമേയം - **A Spirit of Dialogue**

## Defence

- ഐ.എൻ.എസ്. സുദർശിനിയുടെ ലോക പര്യടനത്തിന് തുടക്കം
  - നാവികസേനയുടെ പരിശീലനക്കപ്പലായ ഐഎൻഎസ് സുദർശിനിയുടെ ലോക പര്യവേക്ഷണത്തിന് (ലോകയാൻ 26) തുടക്കമായി
  - വസുധൈവ കുടുംബകം' എന്ന ദർശനത്തിൽ അധിഷ്ഠിതമാക്കിയുള്ള പര്യടനത്തിന്റെ ഭാഗമായി 13 രാജ്യങ്ങളിലെ 18 തുറമുഖങ്ങളിൽ എത്തിച്ചേരും
  - ഇന്ത്യൻ നാവിക സേനയുടെ രണ്ടാമത്തെ പരിശീലനക്കപ്പലാണ് ഐ.എൻ.എസ്. സുദർശിനി
  - ഇന്ത്യൻ നാവികസേനയുടെ ആദ്യത്തെ പരിശീലനക്കപ്പൽ ഐ.എൻ.എസ്. തരംഗിണി

## Sports

- വിജയ് ഹസാരെ ട്രോഫി 2025-26 ജേതാക്കളായത്

**വിദർഭ**

  - സൗരാഷ്ട്രയെ പരാജയപ്പെടുത്തി വിദർഭ കന്നി കിരീടം നേടി.

- ഇന്ത്യൻ ബാഡ്മിന്റൺ താരം സൈന നെഹ്‌വാൾ വിരമിച്ചു
    - ജൂനിയർ ലോക ചാമ്പ്യൻഷിപ്പ് (2008) വിജയിക്കുന്ന ആദ്യ ഇന്ത്യക്കാരി.
    - ലണ്ടൻ ഒളിമ്പിക്സ് (2012) ബാഡ്മിന്റണിൽ മെഡൽ (വെങ്കലം) നേടി (ഒളിമ്പിക് ബാഡ്മിന്റണിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ താരം.)
    - ലോക ബാഡ്മിന്റൺ റാങ്കിംഗിൽ ഒന്നാം സ്ഥാനത്തെത്തുന്ന ആദ്യ ഇന്ത്യൻ വനിത(2015) (ഇതിനു മുൻപ് പ്രകാശ് പദുക്കോൺ മാത്രമാണ് ഈ നേട്ടം കൈവരിച്ച ഇന്ത്യൻ താരം).
    - 2015 ലോക ചാമ്പ്യൻഷിപ്പിൽ (ജക്കാർത്ത) വെള്ളി മെഡൽ നേടി (ഫൈനലിലെത്തുന്ന ആദ്യ ഇന്ത്യൻ താരം)
    - പ്രധാന പുരസ്കാരങ്ങൾ - അർജുന അവാർഡ് (2009), ഖേൽ രത്ന (2010) (ആദ്യ വനിതാ ബാഡ്മിന്റൺ താരം), പത്മശ്രീ (2010), പത്മഭൂഷൺ (2016)
- WPL-ൽ 50 വിക്കറ്റുകൾ നേടിയ ആദ്യ താരം

**അമേലിയ കെർ**

- WPL-ൽ 1000 റൺസ് പൂർത്തിയാക്കിയ ആദ്യ ഇന്ത്യൻ താരം

**ഹർമൻപ്രീത് കൗർ**

- WPL-ൽ 1000 റൺസ് പൂർത്തിയാക്കിയ ആദ്യ താരം - **നടാലി സ്കീവർ ബ്രെണ്ട്**

## Demise

- 2026 ജനുവരിയിൽ അന്തരിച്ച കേരള ഹൈക്കോടതി റിട്ട. ജസ്റ്റിസ്

**എ. ലക്ഷ്മിക്കുട്ടി**

- കേരള ഹൈക്കോടതി ജഡ്ജി, സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ അംഗം, മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ ചെയർപേഴ്സൺ, റെഡ് ക്രോസ് കേരള റീജിയൺ ചെയർപേഴ്സൺ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

## Today's MCQ

1. 2025-26 അധ്യയന വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവ കിരീടം നേടിയത്

(a) തൃശൂർ (b) തിരുവനന്തപുരം

(c) കണ്ണൂർ (d) കോഴിക്കോട്

2. കെ.എസ്.ഇ.ബി. യിലെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലെ ക്രമക്കേട് കണ്ടെത്താൻ വിജിലൻസ് നടത്തിയ ഓപ്പറേഷൻ

(a) ഓപ്പറേഷൻ ഷോർട്ട് സർക്യൂട്ട് (b) ഓപ്പറേഷൻ സഡൻ ഷോക്ക്

(c) ഓപ്പറേഷൻ തണ്ടർ ബോൾട്ട് (d) ഓപ്പറേഷൻ സർക്യൂട്ട്

**Ans : 1 (c), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
23




FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 23 JANUARY 2026

## Appointment

- 2026 ജനുവരിയിൽ കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലറായി നിയമിതനായത്

  **ഡോ. പി. രവീന്ദ്രൻ**

  - കഴിഞ്ഞ ഒന്നരവർഷമായി കാലിക്കറ്റ് സർവകലാശാലയുടെ താൽക്കാലിക വി.സി.യായി ഡോ. രവീന്ദ്രൻ തുടരുകയാണ്.
  - നാലുവർഷത്തേക്കാണ് നിയമനം
- 2026-ൽ തദ്ദേശ സ്ഥാപന ഓംബുഡ്സ്മാനായി നിയമിതാകുന്നത്

  **ബാബു മാത്യു പി. ജോസഫ്**

  - മുൻ ഉപലോകായുക്തയാണ് ജസ്റ്റിസ് ബാബു മാത്യു പി ജോസഫ്

## Award

- 2025-ലെ ഇന്ദിരാഗാന്ധി സമാധാന പുരസ്കാരത്തിന് അർഹയായത്

  **Graca Machel**

  - മൊസാംബിക്കൻ മനുഷ്യാവകാശ പ്രവർത്തക
  - വിദ്യാഭ്യാസം, ആരോഗ്യം, മാനുഷിക പ്രവർത്തനങ്ങൾ എന്നീ മേഖലകളിലെ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയാണ് അവാർഡ് കിട്ടിയത്
  - മൊസാംബിക്കിന്റെ സ്വാതന്ത്ര്യത്തിന് ശേഷം അവിടുത്തെ ആദ്യത്തെ വിദ്യാഭ്യാസ സാംസ്കാരിക മന്ത്രിയായി (1975-ൽ) പ്രവർത്തിച്ചു.
  - മൊസാംബിക് മുൻ പ്രസിഡന്റ് സമോറ മാഷലിന്റെ ഭാര്യയായിരുന്ന ഗ്രാസ, പിന്നീട് ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് നെൽസൻ മണ്ടേലയെ കല്യാണം കഴിച്ചു.
    (ഇതോടെ, രണ്ടു രാജ്യങ്ങളുടെ പ്രഥമ വനിത എന്ന അപൂർവതയ്ക്ക് ഉടമയായി)
- 2026-ൽ പത്മപാണി പുരസ്കാരം പുരസ്കാരത്തിന് അർഹനായത്

  **ഇളയരാജ**

  - 11-ാമത് അജന്ത എല്ലോറ അന്തർദേശീയ ചലച്ചിത്രോത്സവത്തിൽ പുരസ്ക്കാരം സമ്മാനിക്കും.
  - അജന്ത എല്ലോറ അന്തർദേശീയ ചലച്ചിത്രോത്സവത്തിലെ ഏറ്റവും പ്രധാനപ്പെട്ട പുരസ്കാരമാണിത്.

## Kerala

- ഏഴാമത് ഇന്ത്യൻ ഇന്റർനാഷണൽ സീവീഡ് എക്സ്പോ & ഉച്ചകോടിയുടെ വേദി

  **കൊച്ചി**

  - കടൽപ്പായൽ ഉത്പ്പാദനരംഗത്ത് ഇന്ത്യയെ ആഗോളശക്തിയാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയാണ് ഉച്ചകോടി നടക്കുന്നത്.
  - അമേരിക്ക, റഷ്യ, ഓസ്ട്രേലിയ, ഫ്രാൻസ്, സ്കോട്ട്ലൻഡ്, അയർലൻഡ്, മാലിദ്വീപ്, ഇന്തോനേഷ്യ, ശ്രീലങ്ക, ടാൻസാനിയ എന്നിവിടങ്ങളിലെ പ്രതിനിധികൾ ഉച്ചകോടിയിൽ പങ്കെടുക്കും.

## National

- പഞ്ചാബിലെ ആദ്യത്തെ ഡോഗ് സാങ്ചറി നിലവിൽ വന്നത്

  **ലുധിയാന**

  - നഗരത്തിലെ നായ കടിയേറ്റ കേസുകൾ കുറയ്ക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം

- റിപ്പബ്ലിക് ദിന പരേഡിൽ സി.ആർ.പി.എഫ് (CRPF)ന്റെ പുരുഷ യൂണിറ്റിനെ നയിക്കുന്ന ആദ്യ വനിതാ ഉദ്യോഗസ്ഥ

**സിമ്രാൻ ബാല**

- 77-ാമത് റിപ്പബ്ലിക് ദിന പരേഡിൽ സി.ആർ.പി.എഫ് (CRPF) ന്റെ 'ഓൾ മെയിൽ കണ്ടിജന്റിനെ' (പൂർണ്ണമായും പുരുഷന്മാർ അടങ്ങുന്ന വിഭാഗം) നയിക്കുന്നത് അസിസ്റ്റന്റ് കമാൻഡന്റായ സിമ്രാൻ ബാലയാണ്.
- ജമ്മു കശ്മീരിലെ രജൗരി (Rajouri) ജില്ലയിൽ നിന്നും സി.ആർ.പി.എഫ് ഓഫീസർ പദവിയിൽ എത്തുന്ന ആദ്യ വനിത കൂടിയാണ് ഇവർ.

- 24 മണിക്കൂറും പ്രവർത്തിക്കാൻ അടുത്തിടെ ഡി.ജി.സി.എ.യുടെ അനുമതി ലഭിച്ച മഹാരാഷ്ട്രയിലെ വിമാനത്താവളം

**സിന്ധുദുർഗ് വിമാനത്താവളം**

- മഹാരാഷ്ട്രയിലെ കൊങ്കൺ മേഖലയിലെ സിന്ധുദുർഗ് വിമാനത്താവളത്തിന്, കുറഞ്ഞ ദൃശ്യ പരിതിയിലും പ്രതികൂല കാലാവസ്ഥയിലും ഉൾപ്പെടെ 24 മണിക്കൂറും പ്രവർത്തിക്കുന്നതിന് ഡിജിസിഎയുടെ അനുമതി ലഭിച്ചു.

## Defence

- ത്രിരാഷ്ട്ര സമുദ്രാഭ്യാസം DOSTI-17 ന്റെ വേദി

**മാലിദ്വീപ്**

- ഇന്ത്യ, ശ്രീലങ്ക, മാലിദ്വീപ് എന്നീ രാജ്യങ്ങൾ സംയുക്തമായി നടത്തുന്ന സമുദ്രാഭ്യാസമാണിത്

## Space

- അടുത്തിടെ നാസയിൽ നിന്നും വിരമിച്ച ഇന്ത്യൻ വംശജയായ ബഹിരാകാശ സഞ്ചാരി

**സുനിത വില്യംസ്**

- 2025 ഡിസംബർ 27 മുതൽ ഏജൻസിയിൽ നിന്ന് വിരമിച്ചു.
- 27 വർഷത്തെ നാസ ബഹിരാകാശയാത്രിക സേവനത്തിന് ശേഷമാണ് വിരമിക്കുന്നത്
- ദീർഘകാലം ബഹിരാകാശത്ത് കഴിഞ്ഞ നാസ സഞ്ചാരികളിൽ രണ്ടാം സ്ഥാനമാണ് സുനിതയ്ക്കുള്ളത്.
- 2024 ജൂണിൽ ബോയിങ്ങിന്റെ സ്റ്റാർലൈനർ പേടകത്തിൽ മൂന്നാമത്തെ ദൗത്യത്തിനായി പുറപ്പെട്ട സുനിതയ്ക്ക് 2025 മാർച്ചിലാണ് ഭൂമിയിലേക്ക് മടങ്ങിയെത്താൻ കഴിഞ്ഞത്.
- ബഹിരാകാശ സഞ്ചാരി ബച്ച് വിൽമോറിനൊപ്പം 286 ദിവസം സുനിത ബഹിരാകാശത്ത് ചെലവഴിച്ചിട്ടുണ്ട്
- സുനിത ഒൻപത് സ്പേസ് വാക്ക് പൂർത്തിയാക്കിയിട്ടുണ്ട്. (മൊത്തം 62 മണിക്കൂറും 6 മിനിറ്റും)
- ഏറ്റവും കൂടുതൽ സമയം ബഹിരാകാശത്ത് നടന്ന വനിത

## Today's MCQ

1. WPL-ൽ 50 വിക്കറ്റുകൾ നേടിയ ആദ്യ താരം
   (a) ദീപ്തി ശർമ്മ (b) അമേലിയ കെർ
   (c) ഹെയ്‌ലി മാത്യൂസ് (d) നദാലി സ്കീവർ ബ്രണ്ട്
2. വിജയ് ഹസാരെ ട്രോഫി 2025-26 ജേതാക്കളായത്
   (a) സൗരാഷ്ട്ര (b) മുംബൈ
   (c) തമിഴ്നാട് (d) വിദർഭ

**Ans : 1 (b), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
24



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW
veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 24 JANUARY 2026

## Appointment

- ഇന്ത്യൻ സീനിയർ വനിതാ ഫുട്ബോൾ ടീമിന്റെ പുതിയ മുഖ്യ പരിശീലകയായി നിയമിതയായത്

  **അമേലിയ വാൽവെർദെ**

## Kerala

- സംസ്ഥാനത്തെ യുവതീയുവാക്കളിൽ നൈപുണ്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കും മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കും പ്രതിമാസം 1,000 രൂപ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി

  **കണക്റ്റ് ടു വർക്ക്**

  - പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി 5 ലക്ഷം
  - 18 നും 30 നും ഇടയിൽ പ്രായമുള്ള ഉദ്യോഗാർത്ഥികൾക്കാണ് പ്രയോജനം ലഭിക്കുക

## National

- വിദ്യാർത്ഥിയുടെ പിഴവുകൊണ്ടല്ലാതെ, സാങ്കേതിക തകരാറുകൾ മൂലം പരീക്ഷ എഴുതാനുള്ള അവസരം നിഷേധിക്കുന്നത് ഭരണഘടനയുടെ 21-ാം അനുച്ഛേദം ഉറപ്പുനൽകുന്ന 'മാന്യമായി ജീവിക്കാനുള്ള അവകാശത്തിന്റെ' ലംഘനമാണെന്ന് പ്രസ്താവിച്ച ഹൈക്കോടതി

  **അലഹബാദ് ഹൈക്കോടതി**

- ഗുജറാത്തിന് ശേഷം ഡിസ്റ്റർബ്ഡ് ഏരിയാസ് ആക്ട് നടപ്പിലാക്കാൻ തീരുമാനിച്ച സംസ്ഥാനം

  **രാജസ്ഥാൻ**

  - സർക്കാർ അസന്തുലിത പ്രദേശം (Disturbed Area) ആയി പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിൽ, 3 വർഷത്തേക്ക് വസ്തുവകകൾ വാങ്ങുന്നതിനും വിൽക്കുന്നതിനും നിരോധനമുണ്ടാകും.
  - ഇത്തരം പ്രദേശങ്ങളിൽ സ്വത്ത് കൈമാറ്റം ചെയ്യണമെങ്കിൽ കളക്ടറുടെയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെയോ മുൻകൂർ അനുമതി നിർബന്ധമാണ്.
  - അനുമതിയില്ലാത്ത ഇടപാടുകൾ അസാധുവായി കണക്കാക്കും.
  - വർഗീയ സംഘർഷങ്ങളോ കലാപങ്ങളോ ഉണ്ടാകുമ്പോൾ ആളുകൾ തങ്ങളുടെ സ്ഥാവര സ്വത്തുക്കൾ (വീട്, സ്ഥലം) തുച്ഛമായ വിലയ്ക്ക് വിറ്റ് നാടുവിടുന്നത് തടയുക എന്നതാണ് ഇത് കൊണ്ട് ലക്ഷ്യ വയ്ക്കുന്നത് . കൂടാതെ, ചില പ്രദേശങ്ങളിലെ 'ജനസംഖ്യാ സന്തുലിതാവസ്ഥ' നിലനിർത്താനും ഇത് ലക്ഷ്യമിടുന്നു.
  - ഗുജറാത്തിലാണ് ഈ നിയമം ആദ്യമായി കൊണ്ടുവന്നത്. അഹമ്മദാബാദ്, വഡോദര തുടങ്ങിയ നഗരങ്ങളിലെ വർഗീയ സംഘർഷങ്ങളുടെ പശ്ചാത്തലത്തിലായിരുന്നു ഇത്.

## Sports

- അന്താരാഷ്ട്ര വനിതാ ബാഡ്മിന്റൺ സിംഗിൾസിൽ 500 വിജയം പൂർത്തിയാക്കിയ ആദ്യ ഇന്ത്യൻ താരം

**പി.വി. സിന്ധു**

  - വ്യക്തിഗത ഇനത്തിൽ രണ്ട്  ഒളിമ്പിക് മെഡലുകൾ നേടിയ ആദ്യ ഇന്ത്യൻ വനിതാ പി.വി സിന്ധു (2016 വെള്ളി, 2020 വെങ്കലം)
  - 2016 ൽ ഖേൽരത്ന നേടി

- രഞ്ജിട്രോഫി ക്രിക്കറ്റിൽ 6000 റൺസ് തികച്ച ആദ്യ കേരള താരം

**സച്ചിൻ ബേബി**

- 2026 T-20 ലോകകപ്പിൽ നിന്ന് പിൻമാറിയ രാജ്യം

**ബംഗ്ലാദേശ്**

## Demise

- 2026 ജനുവരിയിൽ അന്തരിച്ച സിംഗപ്പൂർ പരിസ്ഥിതി പ്രവർത്തക

**കീർത്തിദ മേകാനി**

  - പ്രസിഡന്റ്സ് അവാർഡ് ഫോർ എൻവയോൺമെന്റ്, സിംഗപ്പൂർ വുമൺസ് ഹാൾ ഓഫ് ഫെയിം എന്നീ അംഗീകാരങ്ങൾ നേടി
  - ട്രീ വുമൺ ഓഫ് സിംഗപ്പൂർ എന്നറിയപ്പെടുന്നു

- 2026 ജനുവരിയിൽ അന്തരിച്ച മുൻ ഇന്ത്യൻ ഫുട്ബോൾ താരം

**ഇല്യാസ് പാഷ**

  - കൊൽക്കത്തൻ ക്ലബ്ബ് ഈസ്റ്റ് ബംഗാളിന്റെ ഇതിഹാസ താരവും മുൻ ഇന്ത്യൻ ഡിഫൻഡറുമായിരുന്നു
  - 1990-ൽ ഈസ്റ്റ് ബംഗാളിനെ മൂന്ന് കിരീടങ്ങളിലേക്ക് നയിച്ചത് ഇല്യാസ് പാഷയായിരുന്നു

(ഡ്യൂറണ്ട് കപ്പ്, ഐഎഫ്എ ഷീൽഡ്, റോവേഴ്സ് കപ്പ്)

## Today's MCQ

1. 2026 ജനുവരിയിൽ കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലറായി നിയമിതനായത്

   (a) ഡോ. പി. രവീന്ദ്രൻ (b) മോഹൻ കുന്നുമ്മൽ

   (c) ജുനൈദ് ബുഷിരി (d) പ്രമോദ് കുമാർ

2. 2026 ൽ പത്മപാണി പുരസ്കാരത്തിന് അർഹനായത്

   (a) എ.ആർ. റഹ്മാൻ (b) അനിരുദ്ധ്

   (c) സന്തോഷ് നാരായണൻ (d) ഇളയരാജ

**Ans : 1 (a), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
25




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 25 JANUARY 2026

## Books & Author

- എംറ്റി സ്പെയ്സ് ബാഷ്പീകൃതയുടെ ആറാം വിരൽ എന്ന പുസ്തകത്തിന്റെ രചയിതാക്കൾ

  **ദീദി ദാമോദരൻ, എച്ച്മു കുട്ടി**

  - എം.ടി വാസുദേവൻനായരുടെ ആദ്യ ഭാര്യ പ്രമീളാ നായരെ കുറിച്ചുള്ള പുസ്തകമാണ് എം.ടി സ്പെയ്സ് ബാഷ്പീകൃതയുടെ ആറാം വിരൽ

## Awards

- ഓസ്കാർ ചരിത്രത്തിൽ ഏറ്റവും കൂടുതൽ നോമിനേഷനുകൾ നേടിയ ചിത്രം

  **സിന്നേഴ്സ്**

  - റയാൻ കൂഗ്ലർ സംവിധാനം ചെയ്ത 'സിന്നേഴ്സ്' എന്ന ഹൊറർ ചിത്രം 16 നോമിനേഷനുകൾ നേടി.
  - ഇന്ത്യൻ വംശജയായ സംവിധായിക ഗീത ഗാന്ദ്ഭീറിന് (Geeta Gandbhir) രണ്ട് ഓസ്കാർ നോമിനേഷനുകൾ ലഭിച്ചു.

- നാലാമത് ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരത്തിന് (2025) അർഹനായത്

  **ഡോ. കെ. ശ്രീകുമാർ**

  - എം.ടി. വാസുദേവൻ നായർ എന്ന ജീവചരിത്രമാണ് പുരസ്കാരത്തിന് അർഹമായത്.
  - സമ്മാനത്തുക - ഒരു ലക്ഷം രൂപ
  - 2024 - **ഇ.സന്തോഷ് കുമാർ** (തപോമയിയുടെ അച്ഛൻ)
  - 2023 - **സാറാ ജോസഫ്** (കറ)
  - 2022 - **കെ വേണു** (ഒരന്വേഷണത്തിന്റെ കഥ (ആത്മകഥ))

- 2026 ലെ സുഭാഷ് ചന്ദ്രബോസ് ആപ്ത പ്രബന്ധൻ പുരസ്കാരത്തിന് അർഹയായത്

  **ലെഫ്റ്റനന്റ് കേണൽ സീത അശോക് ഷെൽക്കെ**

## Kerala

- കേരള സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്ന ഭിന്നശേഷി പ്രതിഭകളുടെ സർഗോത്സവം

  **സവിശേഷ**

  - വേദി - **തിരുവനന്തപുരം**
  - സാമൂഹിക നീതി വകുപ്പ് മന്ത്രി - **ആർ. ബിന്ദു**

- മെഡിസെപ് ഇൻഷുറൻസ് പദ്ധതിയുടെ പുതുക്കിയ പ്രതിമാസ പ്രീമിയം

  **687 രൂപ**

  - നേരത്തെ 810 രൂപയായി നിശ്ചയിച്ചിരുന്ന പ്രതിമാസ പ്രീമിയം, ജി.എസ്.ടി ഒഴിവാക്കിയതോടെ 687 രൂപയായി കുറഞ്ഞു.

- മനുഷ്യരിലെ മുറിവുണക്കാൻ പന്നിയുടെ പിത്താശയ സ്തരം ഉപയോഗിച്ച് നിർമ്മിച്ച് ബാൻഡേജ്

  **കോളിഡേം**

  - ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ അലികോൺ മെഡിക്കൽസ് എന്ന കമ്പനിയാണ് വിപണിയിലെത്തിച്ചത്

- ബാസിലസ് സബ്റ്റിലിസ് സൂക്ഷ്മാണുവിനെ സംസ്ഥാന മൈക്രോബായി പ്രഖ്യാപിച്ചു

  - മണ്ണിലും ജലത്തിലും ഭക്ഷണപദാർഥങ്ങളിലും മനുഷ്യന്റെയും മൃഗങ്ങളുടെയും കുടലിലും കാണപ്പെടുന്നതും ഏറെ പഠനവിധേയമായതുമായ ബാക്ടീരിയയാണിത്.

## National

- ഇന്ത്യൻ റെയിൽവേയിൽ ആദ്യമായി യാത്രക്കാരുടെ സുരക്ഷ വർധിപ്പിക്കുന്നതിനായി ഹ്യൂമനോയിഡ് റോബോട്ടിനെ വിന്യസിച്ച റെയിൽവേ സ്റ്റേഷൻ

  **വിശാഖപട്ടണം റെയിൽവേ സ്റ്റേഷൻ**

  - ASC ARJUN (എ.എസ്.സി അർജുൻ) എന്നാണ് റോബോട്ടിന്റെ പേര്
  - ഇന്ത്യൻ റെയിൽവേയിൽ ഇതാദ്യമായാണ് ഇത്തരമൊരു ഹ്യൂമനോയിഡ് റോബോട്ടിനെ സുരക്ഷാ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്.
  - റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സിന്റെ (RPF) നവീകരണത്തിന്റെ ഭാഗമായാണ് ഇത് നടപ്പിലാക്കിയത്.

- 'കർത്തവ്യ' എന്ന പേരിൽ സെൽഫി അറ്റൻഡൻസ് സംവിധാനം നടപ്പിലാക്കിയ സംസ്ഥാനം

  **കർണാടക**

  - സർക്കാർ ജീവനക്കാരുടെ ഹാജർ നില കൃത്യമാക്കുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പിലാക്കിയ ആറ്റൻഡൻസ് സംവിധാനമാണിത്

- അടൽ പെൻഷൻ യോജന 2030-31 സാമ്പത്തിക വർഷം വരെ തുടരാൻ കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി

  - ആരംഭിച്ചത് - 2015 മെയ് 9ന് (കൊൽക്കത്തയിൽ വെച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് ഉദ്ഘാടനം ചെയ്തത്).
  - പ്രായപരിധി - 18 വയസ്സ് മുതൽ 40 വയസ്സ് വരെയുള്ള ഇന്ത്യൻ പൗരന്മാർക്ക് ഈ പദ്ധതിയിൽ ചേരാം.
  - പെൻഷൻ ലഭിക്കുന്നത് - 60 വയസ്സ് പൂർത്തിയാകുമ്പോൾ.
  - 2022 ഒക്ടോബർ 1 മുതൽ ആദായനികുതി (Income Tax) അടക്കുന്നവർക്ക് ഈ പദ്ധതിയിൽ ചേരാൻ അർഹതയില്ല.

## International

- 2026 ജനുവരിയിൽ ഇൻഡോ-പസഫിക് ഓഷ്യൻസ് ഇനിഷ്യേറ്റീവിൽ (IPOI) ഔദ്യോഗികമായി ചേർന്ന രാജ്യം

  **സ്പെയിൻ**

  - സമുദ്ര സുരക്ഷ, സ്ഥിരത, വികസനം എന്നിവ ലക്ഷ്യമിട്ട് 2019 ൽ ബാങ്കോക്കിൽ വെച്ച് പ്രധാന മന്ത്രി നരേന്ദ്ര മോദി മുന്നോട്ടുവെച്ച ആശയമാണ് 'ഇൻഡോ-പസഫിക് ഓഷ്യൻസ് ഇനിഷ്യേറ്റീവ്'

- അടുത്തിടെ ലോകത്തിലെ ഏറ്റവും പഴക്കമുള്ള ഗുഹാചിത്രങ്ങൾ കണ്ടെത്തപ്പെട്ട രാജ്യം

  **ഇന്തൊനീഷ്യ**

  - ഇന്തോനേഷ്യയിലെ മുന ദ്വീപിലെ ലിയാങ് മെറ്റാൻഡുനോ എന്ന ഗുഹയിൽ നിന്നാണ് 67,800 വർഷം പഴക്കമുള്ള കൈപ്പത്തി മുദ്ര കണ്ടെത്തിയത്

- 'ഹൗസ് ഓഫ് ഇന്ത്യ' എന്ന പേരിൽ പുതിയ സാംസ്കാരിക കേന്ദ്രം നിലവിൽ വരുന്നത്

  **അബുദാബി**

  - ഇന്ത്യയും യു.എ.ഇ. യും തമ്മിലുള്ള സാംസ്കാരികബന്ധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഇത് നിലവിൽ വരുന്നത്

**<u>Today's MCQ</u>**

1. ഗുജറാത്തിന് ശേഷം ഡിസ്റ്റർബ്ഡ് ഏരിയാസ് ആക്ട് നടപ്പിലാക്കാൻ തീരുമാനിച്ച സംസ്ഥാനം

   (a) ഒഡീഷ (b) രാജസ്ഥാൻ
   (c) ഹരിയാന (d) മധ്യപ്രദേശ്

2. അന്താരാഷ്ട്ര വനിതാ ബാഡ്മിന്റൺ സിംഗിൾസിൽ 500 വിജയം പൂർത്തിയാക്കിയ ആദ്യ ഇന്ത്യൻ താരം

   (a) ട്രീസ ജോളി (b) സൈന നെഹ്‌വാൾ
   (c) പി.വി. സിന്ധു (d) ഗായത്രീ ഗോപീചന്ദ്

**Ans : 1 (b), 2. (c)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
26-28



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX, OPPOSITE ARIES PLEX THEATRE, THIRUVANANTHAPURAM
8590 575 713

## Award

- 2025-ലെ ഇന്ത്യൻ സൊസൈറ്റി ഓഫ് അനലിറ്റിക്കൽ സയന്റിസ്റ്റ്സ് നൽകുന്ന വനിതാ ശാസ്ത്രജ്ഞ അവാർഡ് നേടിയത്

**അനു ഗോപിനാഥ്**

  - കുസാറ്റിലെ അകാട്ടിക് എൻവയോൺമെന്റ് മാനേജ്മെന്റ് വിഭാഗം പ്രൊഫസറും മേധാവിയുമാണ്

- പ്രഥമ ഷാഫി മെമ്മോറിയൽ പുരസ്കാരത്തിന് അർഹനായത്

**ജിതിൻ കെ. ജോസ്** (സംവിധായകൻ)

  - അന്തരിച്ച സംവിധായകൻ ഷാഫിയുടെ സ്മരണാർത്ഥം ഷാഫി സ്മാരക ട്രസ്റ്റ് എല്ലാ വർഷവും മലയാള സിനിമയിലെ മികച്ച നവാഗത സംവിധായകന് നൽകുന്നതിനായി ഏർപ്പെടുത്തിയ പുരസ്കാരമാണ് ഷാഫി മെമ്മോറിയൽ അവാർഡ്
  - 50,000 രൂപയും പ്രശംസാപത്രവും ശിൽപവുമടങ്ങിയതാണ് അവാർഡ്.

## Kerala

- കുട്ടികളുടെ മാനസിക സുസ്ഥിതിയ്ക്കും പഠന പുരോഗതിക്കുമായി പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭിക്കുന്ന പദ്ധതി

**സ്നേഹം**

  - വിദ്യാർഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ ഇടപെടലിലും ആശയവിനിമയത്തിലും മാറ്റമുണ്ടാക്കി കുട്ടികളുടെ മാനസികാരോഗ്യവും പഠനവും ജീവിതരീതിയും മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം.

- പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ ശാരീരിക മാനസിക ഉന്നമനം ലക്ഷ്യമിട്ട് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതി

**അക്ഷരം ആരോഗ്യം**

  - ഡിജിറ്റൽ ഹെൽത്ത് ഐ.ഡി കാർഡുകൾ, ഹെൽത്ത് മെന്റർമാർ തുടങ്ങിയ സംവിധാനങ്ങളോടെ പദ്ധതി അടുത്ത അദ്ധ്യയന വർഷം മുതൽ നടപ്പിൽവരും.

- കേരളത്തിൽ 'കെ-ഫെനി' എന്ന പേരിൽ മദ്യം ഉൽപ്പാദിപ്പിച്ച് വിപണിയിൽ എത്തിക്കുന്ന സഹകരണ ബാങ്ക്

**പയ്യാവൂർ സർവീസ് സഹകരണ ബാങ്ക്**

  - സാധാരണയായി 'ഫെനി' (Feni) എന്നത് ഗോവയുടെ തനത് മദ്യമാണ് (GI Tag ഉള്ള ഉൽപ്പന്നം). കേരളത്തിൽ ഇത് ഉൽപ്പാദിപ്പിക്കുമ്പോൾ പേരിൽ വ്യത്യാസം വരുത്തേണ്ടി വരും എന്നതിനാലാണ് 'കെ-ഫെനി' (കേരള ഫെനി) എന്ന പേര് ഉപയോഗിക്കുന്നത്.

- 2026 ജനുവരിയിൽ ഭരണനിർവ്വഹണത്തിൽ നിർമ്മിത ബുദ്ധി കാര്യക്ഷമമായി ഉപയോഗിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച പുതിയ പദ്ധതി

**Kerala AI Mission (K-AIM)**

- ❖ സർക്കാർ ഉദ്യോഗസ്ഥരെ AI പഠിപ്പിക്കാൻ ആരംഭിച്ച പദ്ധതിയാണ് 'VidyAI' (വിദ്യ എ.ഐ). ലക്ഷ്യം സർക്കാർ ഓഫീസുകളിലെ സേവനങ്ങൾ വേഗത്തിലാക്കാൻ നിർമ്മിത ബുദ്ധി (AI) ഉപയോഗിക്കുക.
- ❖ 2026 മാർച്ച് മാസത്തോടെ 12 സർക്കാർ വകുപ്പുകളിൽ AI സംവിധാനം നടപ്പിലാക്കും

◆ കേരളത്തിലെ ആദ്യ ത്രീഡി കംപ്യൂട്ടർ ഗെയിം

**തെക്ക് ഐലൻഡ്**

- ❖ കോട്ടയം സെയ്ന്റ് ഗിറ്റ്സ് എൻജിനീയറിങ് കോളേജിലെ വിദ്യാർത്ഥികളാണ് ഇതിന് പിന്നിൽ.
- ❖ ആഗോള ഗെയിമിംഗ് പ്ലാറ്റ്ഫോമായ സ്റ്റീമിൽ (Steam) ആണ് ഗെയിം ലിസ്റ്റ് ചെയ്തിരിക്കുന്നത്. ഇത് പി.സി (PC) ഗെയിം ആണ്.

## National

◆ **77-ാമത് റിപ്പബ്ലിക് ദിനാഘോഷം (76-ാമത് വാർഷികം)**

- ❖ 2026 ജനുവരി 26ന് നടന്നു
- ❖ മുഖ്യാതിഥികൾ

  **Ursula von der Leyen** (യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ്)

  **António Costa** (യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ്)
- ❖ ചരിത്രത്തിലാദ്യമായി യൂറോപ്യൻ യൂണിയന്റെ ഒരു സൈനിക സംഘം ഇന്ത്യയുടെ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്തു.
- ❖ മുഖ്യാതിഥികളുടെ സന്ദർശനത്തോടനുബന്ധിച്ച് ഇന്ത്യ-യൂറോപ്യൻ യൂണിയൻ ഉച്ചകോടി ഡൽഹിയിൽ വെച്ച് നടന്നു.
- ❖ പ്രധാന പ്രമേയം: വന്ദേമാതരത്തിന് 150 വർഷം. (ഭാരതത്തിന്റെ ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോട് അനുബന്ധിച്ചായിരുന്നു ഇത്തവണത്തെ പരേഡിന്റെ പ്രധാന പ്രമേയം.
- ❖ കേരളത്തിന്റെ ടാബ്ലോ ഇക്കുറി റിപ്പബ്ലിക്ദിന പരേഡിന്റെ ഭാഗമായി. കൊച്ചി വാട്ടർ മെട്രോയും സംസ്ഥാനത്തിന്റെ നൂറു ശതമാനം ഡിജിറ്റൽ സാക്ഷരതയുടെ ബ്രാൻഡ് അംബാസഡറായ സരസുവമ്മയും ടാബ്ലോയിൽ ഉൾപ്പെട്ടിരുന്നു. കേരളത്തിന്റെ സവിശേഷമായ സുഗന്ധവഞ്ജനങ്ങളും കാർഷിക ഉത്പന്നങ്ങളും ഗ്രാമീണ സൗന്ദര്യവും കൊച്ചി വാട്ടർ മെട്രോയും ഇതോടൊപ്പം അവതരിപ്പിച്ചു
- ❖ റിപ്പബ്ലിക് ദിന പരേഡിൽ പൂർണ പുരുഷ സി.ആർ.പി.എഫ്. സംഘത്തെ നയിച്ച ആദ്യ വനിതാ ഓഫീസറാണ് **സിമ്രാൻ ബാല.**
- ❖ സാംസ്കാരിക മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 26-ലെ റിപ്പബ്ലിക് ദിന പരേഡിന് സംഗീതം നൽകിയത് - **എം.എം. കീരവാണി**
- ❖ ഈ വർഷത്തെ റിപ്പബ്ലിക് ദിന പരേഡിൽ 'പ്രകാശ ഗംഗ' എന്ന നിശ്ചലദൃശ്യം കേന്ദ്ര ഊർജ മന്ത്രാലയം അവതരിപ്പിച്ചു.
- ❖ രാജ്യത്തെ തടസ്സമില്ലാത്ത വൈദ്യുതിപ്രവാഹത്തെ സൂചിപ്പിക്കാനാണ് 'പ്രകാശ നദി' എന്ന അർഥം വരുന്ന 'പ്രകാശ ഗംഗ' പ്രമേയം സ്വീകരിച്ചത്.
- ❖ പ്രതിരോധ സേനയുടെ ടാബ്ലോയിൽ ഓപ്പറേഷൻ സിന്ദൂർ പ്രമേയമായി
- ❖ ഇന്ത്യൻ നാവിക സേനയുടെ ടാബ്ലോ റിപ്പബ്ലിക് ദിന പരേഡിന്റെ ഭാഗമായി. തുന്നിച്ചേർത്ത കപ്പൽ ഐ.എൻ.എസ്.വി കൗണ്ടിന്യ, ഐഎൻഎസ് വിക്രാന്ത്, ഐഎൻഎസ് ഉദയഗിരി എന്നിവ ഇതിൽ ഉൾപ്പെടുത്തിയിരുന്നു.

- നിയമനിർമ്മാണ സ്ഥാപനങ്ങളുടെ പ്രകടനത്തെ വിലയിരുത്തുന്നതിനും താരതമ്യം ചെയ്യുന്ന തിനുമായി 'ദേശീയ നിയമനിർമ്മാണ സൂചിക' (NLI) വികസിക്കുന്നതിനുള്ള പ്രക്രിയ ആരംഭിക്കുന്നു
    - 86-ാമത് അഖിലേന്ത്യാ പ്രിസൈഡിംഗ് ഓഫീസർമാരുടെ സമ്മേളനത്തിൽ ഇതു സംബന്ധിച്ച പ്രമേയം പാസാക്കി.
- 2026 ജനുവരിയിൽ കാട്ടുതീ പടർന്ന പാൻഗോലാഖ വന്യജീവി സങ്കേതം സ്ഥിതി ചെയ്യുന്ന സംസ്ഥാനം

**സിക്കിം**

    - കുത്തനെയുള്ള ഭൂപ്രകൃതിയും ശക്തമായ കാറ്റും സൈനിക മേഖലകളിലേക്കുള്ള പ്രവേശനം നിയന്ത്രിതവുമായതിനാൽ തീ നിയന്ത്രണാതീതമായി തുടരുകയാണ്
- കാൻസർ നേരത്തേ കണ്ടെത്തുന്നതിനും രോഗനിർണയത്തിനുമായി അടുത്തിടെ ഗുജറാത്ത് രൂപകൽപ്പന ചെയ്ത കാൻസർ സ്ക്രീനിംഗ് മൊബൈൽ യൂണിറ്റ്

**ആശ വാൻ**

    - ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ ഗാന്ധിനഗറിൽ ഉദ്ഘാടനം ചെയ്തു.
    - ഈ മൊബൈൽ യൂണിറ്റിൽ EVA-Pro ഡയഗ്നോസ്റ്റിക്സ്, മാമോഗ്രാഫി യൂണിറ്റ്, വിദഗ്ദ്ധ ടെലികൺസൾട്ടേഷൻ സൗകര്യങ്ങൾ എന്നിവ സജ്ജീകരിച്ചിരിക്കുന്നു.
    - ഏത് സ്ഥലത്തും അത്യാധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് ശ്വാസകോശം, ഓറൽ, രക്തം, സെർവിക്കൽ, പാൻക്രിയാറ്റിക്, കരൾ, സ്തന, പ്രോസ്റ്റേറ്റ് കാൻസർ എന്നിവയുൾപ്പെടെ നിരവധി ജീവൻ അപകടപ്പെടുത്തുന്ന രോഗങ്ങളുടെ രോഗനിർണയം ഇത് പ്രാപ്തമാക്കും.

## Science and Technology

- ഉപഭോക്താക്കൾ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ഇമെയിലുകൾ സ്വയം തയ്യാറാക്കി നൽകുന്ന തിനായി ഗൂഗിൾ ജിമെയിലിൽ അവതരിപ്പിച്ച പുതിയ എ.ഐ ഫീച്ചർ

**ഹെൽപ്പ് മീ റൈറ്റ്** (Help me write)

## Demise

- 2026 ജനുവരിയിൽ അന്തരിച്ച പ്രമുഖ മാധ്യമപ്രവർത്തകൻ

**Mark Tully**

    - മുൻ ബിബിസി ബ്യൂറോ ചീഫായിരുന്നു അദ്ദേഹം
    - നോ ഫുൾസ്റ്റോപ്പ്സ് ഇൻ ഇന്ത്യ, ഇന്ത്യ ഇൻ സ്ലോമോഷൻ, ദി ഹാർട്ട് ഓഫ് ഇന്ത്യ തുടങ്ങിയ നിരവധി പുസ്തകങ്ങൾ രചിച്ചു.
    - 2002-ൽ നൈറ്റ് പദവിക്ക് അർഹനായി. 1992-ൽ പത്മശ്രീയും 2005-ൽ പത്മഭൂഷണും ലഭിച്ചു

## Today's MCQ

1. 'ഹൗസ് ഓഫ് ഇന്ത്യ' എന്ന പേരിൽ പുതിയ സാംസ്കാരിക കേന്ദ്രം നിലവിൽ വരുന്നത്

   (a) ന്യൂഡൽഹി   (b) ലണ്ടൻ

   (c) അബുദാബി   (d) മുംബൈ

2. 2026 ജനുവരിയിൽ ഇൻഡോ-പസഫിക് ഓഷ്യൻസ് ഇനിഷ്യേറ്റീവിൽ (IPOI) ഔദ്യോഗികമായി ചേർന്ന രാജ്യം

   (a) സ്പെയിൻ   (b) യു.എസ്.എ.

   (c) യു.എ.ഇ   (d) ഇന്ത്യ

**Ans : 1 (c), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
29




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 29 JANUARY 2026

## Kerala

- വിവിധ മേഖലകളിൽ സൂക്ഷ്മജീവികളിലെ ഗവേഷണ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നടത്തുന്ന രാജ്യത്തെ ആദ്യ സ്ഥാപനം

  **സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോം** (തിരുവനന്തപുരം)

- ലോകത്തിലെ ഏറ്റവും വലിയ കണ്ണകി ശിൽപം സ്ഥാപിക്കാനൊരുങ്ങുന്നത്

  **ആറ്റുകാൽ**

  - ആഴിമല ശിവക്ഷേത്രത്തിനു മുന്നിൽ രാജ്യത്തെ ഏറ്റവും വലിയ ഗംഗാധരേശ്വര ശിൽപം നിർമിച്ച ദേവദത്തനാണ് പ്രതിമ നിർമ്മിക്കുന്നത്

## National

- വടക്കുകിഴക്കൻ ഇന്ത്യയിലെ ആദ്യത്തെ നാഷണൽ ഹൈവേ എമർജൻസി ലാൻഡിംഗ് ഫെസിലിറ്റി സജ്ജമായ സംസ്ഥാനം

  **അസം**

  - NH-127, ദിബ്രുഗഡ് മൊറാൻ പാതയിലാണ് സജ്ജമായത്
  - യുദ്ധകാലത്തോ പ്രകൃതിദുരന്തങ്ങൾ ഉണ്ടാവുമ്പോഴോ വിമാനത്താവളങ്ങൾ ഉപയോഗിക്കാൻ കഴിയാതെ വന്നാൽ യുദ്ധവിമാനങ്ങൾക്കും മറ്റു വിമാനങ്ങൾക്കും ഇവിടെ ഇറങ്ങാൻ സാധിക്കും.

- ഇന്ത്യയിലെ ആദ്യത്തെ, ശ്വാസത്തിലൂടെ ശരീരത്തിലെത്തിക്കാവുന്ന ഇൻസുലിൻ

  **Afrezza**

- രാഷ്ട്രപതി ഭവനിൽ ദ്രൗപതി മുർമു ഉദ്ഘാടനം ചെയ്ത പുതിയ ലൈബ്രറി

  **ഗ്രന്ഥ കുടീർ**

  - ഇന്ത്യയിലെ 11 ക്ലാസിക്കൽ ഭാഷകളിലെ കൃതികൾ സൂക്ഷിച്ചിരിക്കുന്ന ലൈബ്രറിയാണിത്
  - 11 ക്ലാസിക്കൽ ഭാഷകളിലായി ഏകദേശം 2,300 പുസ്തകങ്ങളും 50 കൈയെഴുത്തുപ്രതികളും (Manuscripts) ഇവിടെയുണ്ട്.

- ഗ്രാമപ്പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കേന്ദ്ര സർക്കാർ പുറത്തിറക്കിയ ചാറ്റ്ബോട്ട്

  **പഞ്ചം**

  - പൂർണ്ണരൂപം: **Panchayat Assistance and Messaging Chatbot.**
  - പ്രാദേശിക ഭാഷകളിൽ തർജ്ജമയ്ക്കായുള്ള സർക്കാരിന്റെ 'ഭാഷിണി' സൗകര്യമുപയോഗിക്കുന്നതിനാൽ 22 ഇന്ത്യൻ ഭാഷകളിൽ 'പഞ്ചം' ചാറ്റ്ബോട്ട് ഉപയോഗിക്കാനാകും

## International

- ഇന്ത്യ യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാരക്കരാർ യാഥാർത്ഥ്യമായി
  - എല്ലാ കരാറുകളുടെയും മാതാവ് എന്നാണ് ഈ കരാറിനെ മോദിയും ഉർസുല വോൺ ഡെർ ലെയ്നും വിശേഷിപ്പിച്ചത്
  - 2026 ജനുവരി 27 ന് കരാർ ഒപ്പ് വച്ചു
  - ഇന്ത്യ കയറ്റുമതി ചെയ്യുന്ന 99.5 ശതമാനം ഉത്പന്നങ്ങൾക്കും യൂറോപ്യൻ യൂണിയനിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന 97.5 ശതമാനം ഉത്പന്നങ്ങൾക്കും തീരുവയിളവ് ലഭിക്കും
  - യൂറോപ്യൻ യൂണിയൻ മേധാവി - **ഉർസുല വോൺ ഡെർ ലെയ്ൻ**
  - പതിനാറാമത് ഇന്ത്യ- E.U ഉച്ചകോടി നടന്നത് - **ന്യൂഡൽഹി**
  - യൂറോപ്യൻ യൂണിയൻ അംഗ രാജ്യങ്ങളുടെ എണ്ണം - **27**
- ടോംടോം ട്രാഫിക് സൂചിക 2025 പ്രകാരം, ട്രാഫിക് ബ്ലോക്കിൽ ലോകത്ത് ഒന്നാമതുള്ള നഗരം

  **മെക്സിക്കോ സിറ്റി**
  - രണ്ടാംസ്ഥാനത്തുള്ളത് - **ബംഗളൂരു**
  - മൂന്നാമത് - **ഡബ്ലിൻ** (അയർലന്റ്)
  - അഞ്ചാമതുള്ള പുനെ ആണ് ആദ്യ 10-ൽ ഉൾപ്പെട്ട മറ്റൊരു ഇന്ത്യൻ നഗരം

## Space

- ഇന്ത്യയിൽ ആദ്യമായി സ്വകാര്യ പങ്കാളിത്തത്തോടെ, വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ഭൗമ നിരീക്ഷണ ഉപഗ്രഹ ശൃംഖല നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ IN-SPACe മായി ധാരണാപത്രത്തിൽ ഒപ്പുവെച്ചത്

  **പിക്സൽ (Pixxel)**

## Sports

- ഗ്രാൻഡ്സ്ലാം സിംഗിൾസ് മത്സരങ്ങളിൽ 400 വിജയങ്ങൾ നേടിയ ആദ്യ താരം

  **നൊവാക്ക് ജോക്കോവിച്ച്**
  - ഏറ്റവും കൂടുതൽ ഗ്രാൻഡ്സ്ലാം സിംഗിൾസ് കിരീടം നേടിയ പുരുഷ താരവും ജോക്കോവിച്ചാണ്
- 2026 T-20 -ലോകകപ്പിൽ ബംഗ്ലാദേശിന് പകരമായി ഉൾപ്പെടുത്തിയ രാജ്യം

  **സ്കോട്ലാന്റ്**
- ഇന്ത്യൻ വുമൺസ് പ്രീമിയർ ലീഗിൽ സെഞ്ചുറി നേടിയ ആദ്യ താരം

  **നാറ്റ് സ്കീവർ ബ്രെണ്ട്**
  - WPL-ൽ ഏറ്റവും കൂടുതൽ റൺസ് നേടിയതും ബ്രെണ്ട് ആണ്
  - IPL-ൽ സെഞ്ചുറി നേടിയ ആദ്യ താരം - **ബ്രണ്ടൻ മക്കല്ലം**
  - IPL-ൽ സെഞ്ചുറി നേടിയ ആദ്യ ഇന്ത്യൻ താരം - **മനീഷ് പാണ്ഡെ**

## Demise

- 2026 ജനുവരിയിൽ അന്തരിച്ച മുൻ ഹൈക്കോടതി റിട്ട.ജഡ്ജി

**ജസ്റ്റിസ് എസ്.സിരി ജഗൻ**

  - തെരുവുനായ ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സുപ്രീംകോടതി നിയോഗിച്ച ഏകാംഗ കമ്മിറ്റിയുടെ ചെയർമാനുമായിരുന്നു

- 2026 ജനുവരിയിൽ വിമാനാപകടത്തിൽ മരണപ്പെട്ട മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി

**അജിത് പവാർ**

- 2026 ജനുവരിയിൽ അന്തരിച്ച ബി.സി.സി.ഐ. മുൻ പ്രസിഡന്റ്

**ഇന്ദർജിത് സിങ് ബിന്ദ്ര**

  - അദ്ദേഹത്തിനോടുള്ള ആദരസൂചകമായി മൊഹാലിയിലെ പഞ്ചാബ് ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയം 2015ൽ 'ഐ.എസ്. ബിന്ദ്ര സ്റ്റേഡിയം' എന്ന് പുനർനാമകരണം ചെയ്തു.

## Today's MCQ

1. കുട്ടികളുടെ മാനസിക സുസ്ഥിതിയ്ക്കും പഠന പുരോഗതിക്കുമായി പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭിക്കുന്ന പദ്ധതി

   (a) കൂട്ട് (b) സുഹൃത്ത്

   (c) മനസ് (d) സ്നേഹം

2. 2026 ജനുവരിയിൽ കാട്ടുതീ പടർന്ന പാൻഗോലാഖ വന്യജീവി സങ്കേതം സ്ഥിതി ചെയ്യുന്ന സംസ്ഥാനം

   (a) മേഘാലയ (b) അരുണാചൽപ്രദേശ്

   (c) സിക്കിം (d) ത്രിപുര

**Ans : 1 (d), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
30



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 30 JANUARY 2026

## Award

- 2025-ലെ മാതൃഭൂമി ബുക്ക് ഓഫ് ദി ഇയർ പുരസ്കാരം നേടിയത്

  **അരുന്ധതി റോയി**

  - **'മദർ മേരി കംസ് ടു മി'** എന്ന പുസ്തകത്തിന്.
  - സമ്മാനത്തുക - **രണ്ട് ലക്ഷം രൂപ**

- 2024-ലെ കേരള ശാസ്ത്ര പുരസ്കാരത്തിന് അർഹയായ പ്രമുഖ ശാസ്ത്രജ്ഞ

  **ഡോ. ടെസി തോമസ്**

  - Missile Woman of India എന്നറിയപ്പെടുന്നു.
  - പ്രതിരോധ ഗവേഷണവികസന മേഖലയിലെ സംഭാവനകൾ മാനിച്ചാണ് അവാർഡിനായി തിരഞ്ഞെടുത്തത്.
  - അഗ്നി 4, അഗ്നി 5 എന്നീ മിസൈലുകളുടെ പ്രോജക്റ്റ് ഡയറക്ടർ ആയിരുന്നു.
  - ഇന്ത്യയിൽ ഒരു മിസൈൽ പ്രോജക്റ്റിന് നേതൃത്വം നൽകുന്ന ആദ്യത്തെ വനിതയാണ്.

- വൈലി റിസർച്ച് ഹീറോസ് പ്രൈസ് 2025 നേടിയ ആദ്യത്തെ ഇന്ത്യക്കാരൻ

  **ഡോ. ചന്ദ്രകാന്ത് ലഹാരിയ**

  - ഇംപാക്റ്റ് ബിയോണ്ട് അക്കാദമിയ എന്ന വിഭാഗത്തിലാണ് അദ്ദേഹത്തിന് ഈ പുരസ്കാരം ലഭിച്ചത്.
  - ലോകാരോഗ്യ സംഘടനയുടെ (WHO) മുൻ സ്റ്റാഫ് അംഗമാണ് അദ്ദേഹം.

## Kerala

- ഒ.വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം' എന്ന പ്രശസ്ത നോവലിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട്, പുറത്തിറക്കിയ പുതിയ മലയാളം ഫോണ്ട്

  **തസ്രാക്ക്** (Thasrak)

  - കോഴിക്കോട് കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിൽ വെച്ച് പുറത്തിറക്കി
  - ഒ.വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം' എന്ന കൃതിയുടെ പശ്ചാത്തലമായ പാലക്കാട്ടെ 'തസ്രാക്ക്' എന്ന ഗ്രാമത്തിൽ നിന്നാണ് ഈ ഫോണ്ടിന് പ്രചോദനം ലഭിച്ചത്.

- ഇന്ത്യയിൽ ആദ്യമായി കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തിയ ജില്ലാതല സർക്കാർ ആശുപത്രി

  **തിരുവനന്തപുരം ജനറൽ ആശുപത്രി**

  - സാധാരണയായി സർക്കാർ മെഡിക്കൽ കോളേജുകളിലും, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജിയിലും, സ്വകാര്യ ആശുപത്രികളിലും മാത്രം നടന്നിരുന്ന ശസ്ത്രക്രിയയാണിത്.

- സമഗ്ര നഗരനയം (Comprehensive Urban Policy) രൂപീകരിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാകുന്നത്

**കേരളം**

  - നയരൂപീകരണത്തിനായി നിയോഗിച്ച കമ്മീഷന്റെ അധ്യക്ഷൻ - **ഡോ. എം. സതീഷ് കുമാർ**

## National

- സംസ്ഥാനത്തെ മുഴുവൻ ഗ്രാമപ്പഞ്ചായത്ത് ഓഫീസുകൾക്കും മഹാത്മാഗാന്ധിയുടെ പേര് നൽകാൻ തീരുമാനിച്ച സംസ്ഥാനം

**കർണാടക**

  - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) നിർത്തലാക്കി പകരം കേന്ദ്ര സർക്കാർ VB-G RAM G (Viksit Bharat–Guarantee for Rozgar and Aajivika Mission - Gramin) എന്ന പുതിയ പദ്ധതി കൊണ്ടുവന്നതിനെതിരെയാണ് കർണാടക സർക്കാരിന്റെ പ്രതിഷേധം.

- 79–ാമത് BAFTA പുരസ്കാരത്തിൽ 'Best Children's and Family Film' വിഭാഗത്തിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട മണിപ്പൂരി ചിത്രം

**Boong (ബൂങ്)**

  - സംവിധാനം – **ലക്ഷ്മിപ്രിയ ദേവി**
  - പ്രശസ്ത ബോളിവുഡ് നടനും സംവിധായകനുമായ ഫർഹാൻ അക്തർ നിർമ്മിച്ചു
  - 2026–ലെ ബാഫ്റ്റ നോമിനേഷൻ പട്ടികയിൽ ഇടംപിടിച്ച ഏക ഇന്ത്യൻ ചിത്രമാണിത്.

- ഇന്ത്യയിൽ ആദ്യമായി സർക്കാർ അധീനതയിൽ മെനോപോസ് (ആർത്തവ വിരാമം) ക്ലിനിക്കുകൾ ആരംഭിച്ച സംസ്ഥാനം

**മഹാരാഷ്ട്ര**

  - സ്ത്രീകളുടെ ആർത്തവ വിരാമവുമായി (Menopause) ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായിട്ടാണ് സർക്കാർ തലത്തിൽ ക്ലിനിക്കുകൾ ആരംഭിക്കുന്നത്

- 77–ാമത് റിപ്പബ്ലിക് ദിനാഘോഷത്തിലെ മികച്ച ടാബ്ലോ ആയി തിരഞ്ഞെടുക്കപ്പെട്ടത്

**മഹാരാഷ്ട്ര** (ഗണേശോത്സവം: ആത്മനിർഭരതയുടെ പ്രതീകം)

  - രണ്ടാം സ്ഥാനം – **ജമ്മു & കാശ്മീർ** (ജമ്മു & കാശ്മീരിലെ കരകൗശല വസ്തുക്കളും നാടോടി നൃത്തങ്ങളും)
  - മൂന്നാം സ്ഥാനം – **കേരളം** (വാട്ടർ മെട്രോയും 100% ഡിജിറ്റൽ സാക്ഷരതയും: ആത്മനിർഭർ ഭാരതത്തിനായി ആത്മനിർഭർ കേരളം)
  - കേന്ദ്ര മന്ത്രാലയങ്ങൾ / വകുപ്പിൽ നിന്നുള്ള മികച്ച ടാബ്ലോ – **സാംസ്കാരിക മന്ത്രാലയം** (Vande Mataram – The Soul Cry of a Nation)
  - മൂന്ന് സർവീസുകളിൽ, ഇന്ത്യൻ നാവികസേനയെ മികച്ച മാർച്ചിംഗ് കണ്ടിജന്റായി തിരഞ്ഞെടുത്തു.
  - കേന്ദ്ര സായുധ പോലീസ് സേനകളുടെയും മറ്റ് സഹായ സേനകളുടെയും വിഭാഗത്തിൽ ഡൽഹി പോലീസ് അവാർഡ് നേടി.

## International

- ഒറ്റയ്ക്ക് താമസിക്കുന്നവരെ ലക്ഷ്യംവച്ചുകൊണ്ട് അടുത്തിടെ ചൈന പുറത്തിറക്കിയ ആപ്പ്

  **ആർ യു ഡെഡ്**

  - ഉപയോക്താക്കൾ ആപ്പിൽ ചെക്ക് ഇൻ ചെയ്യണം. നിരവധി ദിവസങ്ങൾ നഷ്ടപ്പെട്ടാൽ, ആപ്പ് ഉപയോക്താവിന്റെ അടിയന്തര കോൺടാക്റ്റിനെ സ്വയമേ അറിയിക്കും.

- അഫ്ഗാനിസ്ഥാനിൽ അടിമത്തം നിയമവിധേയമാക്കി താലിബാൻ
  - അടിമത്തം നിയമവിധേയമാക്കുന്നത് അടക്കമുള്ള പ്രാകൃത വ്യവസ്ഥകൾ അടങ്ങുന്നതാണ് പുതിയതായി നിലവിൽവന്ന നിയമം.
  - താലിബാൻ നേതാവ് ഹിബത്തുള്ള അഖുന്ദ്സാദ ജനുവരി നാലിനാണ് 119 ആർട്ടിക്കിളുകളുള്ള ഈ നിയമം അംഗീകരിച്ചത്.
  - രാജ്യത്തെ പൗരന്മാരെ നാല് വ്യത്യസ്ത നിയമ വിഭാഗങ്ങളായി തിരിക്കുകയും രാജ്യത്ത് അടിമത്തം നിയമവിധേയമാക്കുകയും ചെയ്തുകൊണ്ടുള്ളതാണ് പുതിയ നിയമം.

## Today's MCQ

1. വടക്കുകിഴക്കൻ ഇന്ത്യയിലെ ആദ്യത്തെ നാഷണൽ ഹൈവേ എമർജൻസി ലാൻഡിംഗ് ഫെസിലിറ്റി സജ്ജമായ സംസ്ഥാനം

   (a) മിസ്സോറാം (b) നാഗാലാന്റ്

   (c) അസം (d) അരുണാചൽപ്രദേശ്

2. ടോംടോം ട്രാഫിക് സൂചിക 2025 പ്രകാരം, ട്രാഫിക് ബ്ലോക്കിൽ ലോകത്ത് ഒന്നാമതുള്ള നഗരം

   (a) മെക്സിക്കോ സിറ്റി (b) ബംഗളൂരു

   (c) ഡബ്ലിൻ (d) പൂനെ

**Ans : 1. (c), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JANUARY
31



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 31 JANUARY 2026

## Awards

- 2016-2022 വരെയുള്ള തമിഴ്നാട് സ്റ്റേറ്റ് ഫിലിം അവാർഡുകൾ പ്രഖ്യാപിച്ചു

  **മികച്ച നടിമാരായ മലയാളികൾ**

  - 2016 - **കീർത്തി സുരേഷ്** (പാമ്പു സട്ടൈ)
  - 2017 - **നയൻതാര** (അറം)
  - 2019 - **മഞ്ജു വാര്യർ** (അസുരൻ)
  - 2020 - **അപർണ ബാലമുരളി** (സൂരറൈ പോട്ര് )
  - 2021 - **ലിജോ മോൾ** (ജയ് ഭീം)
  - 2017 ലെ മികച്ച ഹാസ്യ നടിക്കുള്ള പുരസ്കാരം 'മഗലിർ മട്ടും' എന്ന സിനിമയ്ക്ക് ഉർവശി സ്വന്തമാക്കി
  - 2016 ലെ മികച്ച പിന്നണി ഗായികയ്ക്കുള്ള പുരസ്കാരം 'വേലൈനു വന്തിട്ടാ വെള്ളൈക്കാരൻ' എന്ന സിനിമയ്ക്ക് വൈക്കം വിജയലക്ഷ്മി സ്വന്തമാക്കി.
  - തായ്നിലം എന്ന സിനിമയിലെ 'ആഗായം മേലെ' എന്ന ഗാനത്തിന് 2020 ലെ മികച്ച ഗായികയ്ക്കുള്ള പുരസ്കാരം മലയാളിയായ വർഷ രഞ്ജിത്ത് സ്വന്തമാക്കി.
  - മലയാളി താരം റഹ്മാൻ 2016 ലെ മികച്ച വില്ലൻ പുരസ്കാരത്തിന് അർഹനായി

## Kerala

- അടുത്തിടെ ശ്രീകാര്യത്തെ കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്ത ചേമ്പിനം

  **ജാമുനി ചേമ്പ്**

  - ക്യാൻസർ, പ്രമേഹം എന്നിവയെ ചെറുക്കാൻ കഴിവുള്ളതാണിത്

## National

- മണിപ്പൂർ വംശീയ കലാപവുമായി ബന്ധപ്പെട്ട വിഷയങ്ങൾ അന്വേഷിക്കുന്നതിന് സുപ്രീംകോടതി നിയോഗിച്ച മൂന്നംഗ കമ്മിറ്റി

  **ജസ്റ്റിസ് ഗീത മിത്തൽ കമ്മിറ്റി**

  - 2023 ഓഗസ്റ്റിലാണ് സുപ്രീംകോടതി ജസ്റ്റിസ് ഗീത മിത്തൽ കമ്മിറ്റി രൂപീകരിച്ചത്

  **അംഗങ്ങൾ**

  - ജസ്റ്റിസ് ഗീത മിത്തൽ (അധ്യക്ഷ )
  - ജസ്റ്റിസ് ശാലിനി ഫൻസാൽക്കർ ജോഷി
  - ജസ്റ്റിസ് ആശ മേനോൻ (മലയാളി )
  - കമ്മിറ്റിയുടെ കാലാവധി 2026 ജൂലൈ വരെ നീട്ടി

- അടുത്തിടെ ഗിഗ് വർക്കർ വെൽഫെയർ ഡെവലപ്പ്മെന്റ് ബോർഡ് രൂപീകരിച്ച സംസ്ഥാനം

  **കർണാടക**

  - 2025 മെയ് മാസത്തിൽ ഗിഗ് വർക്കർമാരുടെ സാമൂഹിക സുരക്ഷാ ക്ഷേമ ഓർഡിനൻസ് അവതരിപ്പിച്ച സംസ്ഥാനം - **കർണാടക**

- മഹാരാഷ്ട്രയിലെ സഹ്യാദ്രി മലനിരകളിൽ രഹസ്യമായി പ്രവർത്തിച്ചിരുന്ന മെഫെഡ്രോൺ നിർമ്മാണ ലാബ് തകർക്കാൻ ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് നടത്തിയ ഓപ്പറേഷൻ

**ഓപ്പറേഷൻ സഹ്യാദ്രി ചെക്ക്മേറ്റ്**

  - 'മ്യാവു മ്യാവു' (Meow Meow), 'എംക്യാറ്റ്' (M-Cat), 'വൈറ്റ് മാജിക്' (White Magic) എന്നീ പേരുകളിലും മെഫെഡ്രോൺ അറിയപ്പെടുന്നു.
  - ഇതൊരു സിന്തറ്റിക് സ്റ്റിമുലന്റ് (Synthetic Stimulant) ആണ്. എംഡിഎംഎ (MDMA), കൊക്കെയ്ൻ എന്നിവയ്ക്ക് സമാനമായ ഫലങ്ങൾ ഉളവാക്കുന്ന ഒരു 'പാർട്ടി ഡ്രഗ്' ആണിത്.

- 2026-നെ കാർഷിക വർഷമായി ആചരിക്കാൻ തീരുമാനിച്ച സംസ്ഥാനം

**മധ്യപ്രദേശ്**

  - മധ്യപ്രദേശ് ഗവർണർ മാങ്കുഭായ് പട്ടേലാണ് ഇത് പ്രഖ്യാപിച്ചത്

## International

- അടുത്തിടെ റെവല്യൂഷനറി ഗാർഡിനെ തീവ്രവാദ സംഘടനയായി പ്രഖ്യാപിച്ചത്

**യൂറോപ്യൻ യൂണിയൻ**

  - ഇറാന്റെ സായുധ സേന വിഭാഗമാണിത്

## Sports

- 2025-26 സീസൺ മുതൽ 'ഐലീഗ്' (I-League) അറിയപ്പെടാൻ പോകുന്ന പേര്

**ഇന്ത്യൻ ഫുട്ബോൾ ലീഗ്** (IFL)

## Today's MCQ

1. ഇന്ത്യയിൽ ആദ്യമായി കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തിയ ജില്ലാതല സർക്കാർ ആശുപത്രി ?
   (a) തിരുവനന്തപുരം ജനറൽ ആശുപത്രി
   (b) എറണാകുളം ജനറൽ ആശുപത്രി
   (c) ആലപ്പുഴ ജനറൽ ആശുപത്രി
   (d) അടൂർ ജനറൽ ആശുപത്രി
2. സമഗ്ര നഗരനയം രൂപീകരിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാകുന്നത് ?
   (a) തമിഴ്നാട് (b) കർണാടക
   (c) കേരളം (d) തെലങ്കാന

**Ans : 1. (a), 2. (c)**